# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2021 മേയ് 25, ചൊവ്വ*

| വാല്യം 184] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 2 |
|---|---|---|

നിയമസഭ 2021 മേയ് മാസം 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട പ്രോട്ടെം സ്പീക്കർ ശ്രീ. പി. ടി. എ. റഹീമിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I സ്പീക്കർ തെരഞ്ഞെടുപ്പ്

പ്രോട്ടെം സ്പീക്കർ (ശ്രീ. പി. ടി. എ. റഹീം): ഓർഡർ....... ഓർഡർ..... നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് രണ്ട് അംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. എം. ബി. രാജേഷ്, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നിവരാണ് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ. ശ്രീ. എം. ബി. രാജേഷിനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള രണ്ട് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. പിണറായി വിജയൻ നിർദ്ദേശിക്കുകയും ശ്രീ. റോഷി അഗസ്റ്റിൻ പിന്താങ്ങുകയും ശ്രീ. ഇ. ചന്ദ്രശേഖരൻ നിർദ്ദേശിക്കുകയും ശ്രീ. മാത്യു ടി. തോമസ് പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. എം. ബി. രാജേഷിനു വേണ്ടിയുള്ള പത്രികകൾ. ശ്രീ. പി. സി. വിഷ്ണുനാഥിനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള ഒരു പത്രിക ലഭിച്ചിട്ടുണ്ട്. ശ്രീ. വി. ഡി. സതീശൻ നിർദ്ദേശിക്കുകയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. പി. സി. വിഷ്ണുനാഥിനു വേണ്ടിയുള്ള പത്രിക. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങൾ സ്പീക്കർ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ സഭ വോട്ടെടുപ്പിലൂടെ സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്. ബാലറ്റ് പേപ്പറിൽ ശ്രീ. എം. ബി. രാജേഷിന്റെ പേര് ആദ്യത്തേതും ശ്രീ. പി. സി. വിഷ്ണുനാഥിന്റെ പേര് രണ്ടാമതായും അച്ചടിച്ചിട്ടുണ്ട്.

1327/2021

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭാംഗങ്ങൾ തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാനാർത്ഥിയുടെ പേരിന് എതിരെ ഒരു ഗുണനചിഹ്നമിട്ട് വോട്ട് രേഖപ്പെടുത്തേണ്ടതാണ്. ഗുണനചിഹ്നമല്ലാത്ത മറ്റ് അടയാളങ്ങളിട്ട് വോട്ട് രേഖപ്പെടുത്തിയാൽ പ്രസ്തുത ബാലറ്റ് പേപ്പർ അസാധുവായി കണക്കാക്കുന്നതാണ്. നിയമസഭാംഗങ്ങളുടെ പേര് നിയമസഭാ സെക്രട്ടറി ഇപ്പോൾ വിളിക്കുന്നതായിരിക്കും. ഓരോ അംഗവും തൽസമയം അദ്ധ്യക്ഷവേദിക്ക് സമീപം വന്ന് ഏതെങ്കിലും ഒരു ബൂത്തിൽ വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടരാകണമെന്ന് അഭ്യർത്ഥിക്കുന്നു. ആദ്യത്തെ പ്രാവശ്യം പേര് വിളിക്കുമ്പോൾ സഭയിൽ ഹാജരില്ലാത്ത അംഗങ്ങൾക്ക് പോളിംഗ് അവസാനിക്കുന്നതായി പ്രഖ്യാപിക്കുന്നതിനുമുമ്പ് സഭയിൽ ഹാജരാകുന്ന പക്ഷം വോട്ട് രേഖപ്പെടുത്താൻ അനുമതി നൽകുന്നതാണ്. ഗുണനചിഹ്നമല്ലാത്ത മറ്റ് അടയാളങ്ങളിട്ട് വോട്ട് രേഖപ്പെടുത്തിയാൽ ബാലറ്റ് പേപ്പർ അസാധുവായി കണക്കാക്കുന്നതാണ്. ഇക്കാര്യം മെമ്പർമാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ മുതൽ ഇരിപ്പിടക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീ. എം. ബി. രാജേഷ്, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നിവർ വോട്ടെടുപ്പിൽ പങ്കെടുക്കുകയുണ്ടായി.)

<u>പ്രോട്ടെം സ്പീക്കർ</u>: നേരത്തെ പേര് വിളിച്ചപ്പോൾ ഹാജരാകാതിരുന്ന ഏതെങ്കിലും അംഗങ്ങളുണ്ടെങ്കിൽ ഇപ്പോൾ വോട്ട് രേഖപ്പെടുത്താവുന്നതാണ്.

(ശ്രീ. ഷാഫി പറമ്പിൽ വോട്ട് രേഖപ്പെടുത്തി.)

ഓർഡർ.....ഓർഡർ....വോട്ടെടുപ്പ് പൂർത്തിയായിരിക്കുന്നു. ഓരോ സ്ഥാനാർത്ഥിയുടെയും പ്രതിനിധിയായി ഒരംഗത്തിന് അദ്ധ്യക്ഷ വേദിയിലേയ്ക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്.

(സ്പീക്കർ സ്ഥാനാർത്ഥികളുടെ ഏജന്റുമാരായ ശ്രീ. എ. എൻ. ഷംസീർ, ശ്രീ. അൻവർ സാദത്ത് എന്നീ അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ നടത്തി.)

LIBRARY ARCHIVES Kerala Legislative Assembly

<u>പ്രോട്ടെം സ്പീക്കർ</u>: ഓർഡർ...ഓർഡർ.... തെരഞ്ഞെടുപ്പിന്റെ ഫലം ഇപ്പോൾ പ്രഖ്യാപിക്കുന്നതാണ്. ശ്രീ. എം. ബി. രാജേഷിന് 96 വോട്ടും ശ്രീ. പി. സി. വിഷ്ണുനാഥിന് 40 വോട്ടും കിട്ടിയിരിക്കുന്നു. ശ്രീ. എം. ബി. രാജേഷിനെ പതിനഞ്ചാം കേരള നിയമസഭയുടെ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുത്തതായി ഞാൻ പ്രഖ്യാപിക്കുന്നു.

(മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും ഏറ്റവും വലിയ പ്രതിപക്ഷ കക്ഷിയുടെ നേതാവായ ശ്രീ. വി. ഡി. സതീശനും ചേർന്ന് നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എം. ബി. രാജേഷിനെ അദ്ധ്യക്ഷ വേദിയിലേയ്ക്ക് ആനയിച്ചു.)

(ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷവേദിയിൽ ഉപവിഷ്ടനായി.)

<u>മി. സ്പീക്കർ</u> : ഓർഡർ...........ഓർഡർ......

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, പതിനഞ്ചാം കേരള നിയമസഭയുടെ അദ്ധ്യക്ഷ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ശ്രീ. എം. ബി. രാജേഷ് അറിവും അനുഭവവും സമന്വയിച്ച സവിശേഷ വ്യക്തിത്വത്തിന്റെ ഉടമയാണ്. ആർ. ശങ്കരനാരായണൻ തമ്പി മുതൽ ഇങ്ങോട്ടുള്ള സ്പീക്കർമാരുടെ നിരയിൽ പ്രഗത്ഭരുടെ ശ്രദ്ധേയ സാന്നിദ്ധ്യമാണ് നാം കാണുന്നത്. എല്ലാ അർത്ഥത്തിലും ആ നിരയ്ക്ക് ചേരുന്ന ഒരു വ്യക്തിയെത്തന്നെ പതിനഞ്ചാം കേരള നിയമസഭയ്ക്കും സ്പീക്കറായി തെരഞ്ഞെടുക്കാൻ കഴിഞ്ഞിരിക്കുന്നു. നിയമസഭയെ സംബന്ധിച്ചിടത്തോളം തീർച്ചയായും അഭിമാനകരമായ കാര്യമാണിത്. സ്പീക്കർ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എം. ബി. രാജേഷിനെ ഞാൻ സന്തോഷപൂർവ്വം അഭിനന്ദിക്കുന്നു. സഭയുടെ ആഹ്ലാദകരമായ പുതുമനോഭാവം ആത്മാർത്ഥമായി പങ്കിടുകയും ചെയ്യുന്നു.

ജനാഭിലാഷങ്ങൾ പ്രതിഫലിപ്പിക്കുകയും ജനങ്ങൾക്കും നാടിനും വേണ്ടിയുള്ള നിയമനിർമ്മാണങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്യുക എന്നതാണ് നിയമസഭാംഗങ്ങളുടെ കടമ. ജനാധിപത്യപരമായ ഈ കടമ അർത്ഥപൂർണ്ണമായി നിറവേറ്റാൻ കഴിയുന്നതും ഗവൺമെന്റിന്റെ നടപടിക്രമങ്ങൾ കാര്യക്ഷമമായി നിറവേറ്റാൻ കഴിയുന്നതുമായ അന്തരീക്ഷം സഭയിൽ സദാ നിലനിൽക്കേണ്ടതുണ്ട്. ഇത് നിലനിൽക്കുന്നുവെന്ന് ഉറപ്പാക്കേണ്ട വലിയ ഉത്തരവാദിത്വം സ്പീക്കറിൽ നിക്ഷിപ്തമാണ്. ഈ ഉത്തരവാദിത്വം എല്ലാ അർത്ഥത്തിലും നിറവേറ്റാൻ പുതിയ നിയമസഭാ സ്പീക്കർക്ക് കഴിയട്ടെ. അദ്ദേഹത്തിന് അത് സാധ്യമാകുന്നതിനുള്ള എല്ലാ സഹകരണവും സഭാ നേതാവെന്ന നിലയിൽ പ്രാരംഭഘട്ടത്തിൽത്തന്നെ ഞാൻ വാഗ്ദാനം ചെയ്യുന്നു. സഭാംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ ഉത്തരവാദിത്വ നിർവ്വഹണ ചുമതലകൾ പരിരക്ഷിക്കുന്നതിനും അങ്ങനെ ജനാധിപത്യത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പുതിയ സ്പീക്കർക്ക് കഴിയട്ടെ.

നമ്മുടെ ഭരണഘടന സ്പീക്കറുടെ മുഖ്യ അധികാരാവകാശങ്ങൾ മാത്രമേ നിർവ്വചിച്ചിട്ടുള്ളൂ. വിശദമായ കാര്യങ്ങൾ Rules of Procedure-ലാണ് വിശദമാക്കപ്പെടുന്നത്. എന്നാൽ ഇവയെല്ലാം സമഗ്രമായി പ്രതിഫലിപ്പിക്കുന്ന വിശേഷണം സഭാനടപടിക്രമങ്ങൾ സംബന്ധിച്ച ആധികാരിക ഗ്രന്ഥമെഴുതിയ Kaul and Shakdher ദ്വയത്തിലെ S. L. Shakdher സ്പീക്കർ സ്ഥാനത്തിന് നൽകിയിട്ടുണ്ട്. സഭയുടെ കളക്ടീവ് വോയ്സ് സ്പീക്കറാണെന്നാണ് അതിൽ പറയുന്നത്. സഭയുടെ കൂട്ടായ, പൊതുവായ ശബ്ദമാണ് സ്പീക്കറിലൂടെ മുഴങ്ങി കേൾക്കേണ്ടതെന്നാണ് S. L. Shakdher പറഞ്ഞത്. ആ നിലയ്ക്കുള്ള സഭയുടെ പൊതു ശബ്ദമായി മാറാൻ ശ്രീ. എം. ബി. രാജേഷിനും കഴിയട്ടെയെന്ന് ആശംസിക്കുന്നു. Kaul and Shakdher വിഭാവന ചെയ്ത വിധത്തിൽ പ്രവർത്തിക്കാൻ സ്പീക്കർക്ക് കഴിയണമെങ്കിൽ അതിനനുകൂലമായ സഹകരണം ഭരണ-പ്രതിപക്ഷാംഗങ്ങളിൽ നിന്ന് അദ്ദേഹത്തിന് ഉണ്ടാകണം. അക്കാര്യം സഭയിലെ ഓരോ അംഗത്തെയും ഓർമ്മിപ്പിക്കാൻകൂടി ഈ അവസരം ഉപയോഗിക്കട്ടെ. ആ വിധത്തിലുള്ള സഹകരണം ഉറപ്പാകുമ്പോൾ മാത്രമേ സ്പീക്കർക്ക് സഭയുടെ പരമാധികാരം ഉയർത്തിപ്പിടിക്കാൻ കഴിയുകയുള്ളൂ.

ശ്രീ. എം. ബി. രാജേഷ് വിവിധ തലങ്ങളിൽ പ്രവർത്തിച്ച അനുഭവവും വ്യത്യസ്ത വിഷയങ്ങൾ പഠിച്ചതിന്റെ അറിവുമുള്ള വ്യക്തിയാണ്. ഇതുരണ്ടും സ്പീക്കർ എന്ന നിലയിൽ സൂക്ഷ്മമായി കാര്യങ്ങളെ സമീപിക്കാനും വിലയിരുത്താനും അദ്ദേഹത്തെ സഹായിക്കും.

സംസ്ഥാനതലത്തിൽ എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറിയായും ദേശീയ തലത്തിൽ ഡി.വൈ.എഫ്.ഐ. അഖിലേന്ത്യാ പ്രസിഡന്റായും പ്രവർത്തിച്ചതിന്റെയും വിവിധ സമരപരമ്പരകൾക്ക് നേതൃത്വം നൽകിയതിന്റെയും പോലീസ് മർദ്ദനം മുതൽ ജയിൽവാസം വരെയുള്ളതിന്റെയും ലോക്സഭയിലെ പാർലമെന്ററി പ്രവർത്തനത്തിന്റെയും പല പാർലമെന്ററി സമിതികളിൽ പ്രവർത്തിച്ചതിന്റെയും അനുഭവങ്ങൾ ശ്രീ. എം. ബി. രാജേഷിന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. അതുപോലെയാണ് അറിവിന്റെ കാര്യത്തിലും. ധനതത്വശാസ്ത്രത്തിൽ മാസ്റ്റർ ബിരുദവും നിയമത്തിൽ ബിരുദവുമുണ്ട്. പാലക്കാട് അഭിഭാഷകനായി പ്രവർത്തിച്ച് അദ്ദേഹം ആർജ്ജിച്ച അനുഭവസമ്പത്തുണ്ട്. ജലന്തറിൽ ജനിച്ച ശ്രീ. എം. ബി. രാജേഷിന് ഹിന്ദി ഭാഷ അറിയാം. പാർലമെന്റിൽ അദ്ദേഹം ഹിന്ദിയിൽ നടത്തിയ പ്രസംഗം ശ്രദ്ധയാർജ്ജിച്ചിട്ടുണ്ട്. ദേശീയ ചാനലുകളിലും

LIBRARY ARCHIVES Kerala Legislative Assembly

മലയാളം ചാനലുകളിലും നടത്തിയ സംവാദങ്ങളിലൂടെ നമ്മുടെ നാട്ടിലെ ഓരോ വീട്ടിലും ശ്രീ. എം. ബി. രാജേഷ് ഇന്ന് സുപരിചിതനാണ്. ഏത് ഗഹനമായ വിഷയവും ലളിതമായും യുക്തിസഹമായും ആഴത്തിൽ പഠിച്ച് ചർച്ചകളിൽ അവതരിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് എല്ലാവരാലും പ്രശംസിക്കപ്പെട്ടതാണ്. ശക്തമായി വാദമുഖങ്ങൾ അവതരിപ്പിക്കുമ്പോഴും പ്രതിപക്ഷ ബഹുമാനത്തോടെയും മാന്യതയും പക്വതയും കൈവിടാതെയുമുള്ള അദ്ദേഹത്തിന്റെ സംവാദഭാഷ എതിർപക്ഷത്തുള്ളവരിൽ പോലും മതിപ്പുളവാക്കുന്നു.

ആദ്യ തെരഞ്ഞെടുപ്പ് വിജയം സ്കൂൾ ലീഡറായിട്ടായിരുന്നു. നിയമ വിദ്യാർത്ഥിയായിരിക്കേ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. പാലക്കാട് നിന്ന് പാർലമെന്റിലേയ്ക്ക് ആദ്യ മത്സരത്തിൽത്തന്നെ വിജയിച്ചു. രണ്ടാമൂഴത്തിൽ പാലക്കാടിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ഭൂരിപക്ഷത്തിന് തെരഞ്ഞെടുക്കപ്പെട്ടു. പാർലമെന്റിലെ ഇടപെടലുകളിലൂടെ ശ്രീ. എം. ബി. രാജേഷ് രാജ്യമാകെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. 2009 മുതൽ വിദേശകാര്യം, ശാസ്ത്ര സാങ്കേതികം, പെട്രോളിയം, ഊർജ്ജ കാര്യം, കൃഷി എന്നീ പാർലമെന്ററി സമിതികളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ബ്രിട്ടനിലെ Coventry University Business School-ന്റെ ക്ഷണപ്രകാരം 2011-ലെ Leadership Lecture Series-ൽ പ്രഭാഷണം നടത്താനുള്ള അവസരവും അദ്ദേഹത്തിനുണ്ടായിട്ടുണ്ട്. London King's College-ഉം ബ്രിട്ടീഷ് വിദേശകാര്യ വകുപ്പും സംയുക്തമായി നടത്തിയ പരിപാടിയിൽ ഇന്ത്യയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട എം.പി.മാരിൽ ഒരാൾ ശ്രീ. എം. ബി. രാജേഷായിരുന്നു. പരന്ന വായനയുള്ള അദ്ദേഹം എഴുത്തുകാരൻ, പ്രഭാഷകൻ, പരിഭാഷകൻ എന്നീ നിലകളിലും അംഗീകരിക്കപ്പെടുന്ന വ്യക്തിത്വമാണ്. പൗരത്വ നിയമം സംബന്ധിച്ച അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ ദശലക്ഷക്കണക്കിനാളുകളാണ് സമൂഹമാധ്യമങ്ങളിലൂടെ കണ്ടിട്ടുള്ളത്. 2008-ലെ ലോകമത പാർലമെന്റിന് മുന്നോടിയായി School of Bhagavad Gita സംഘടിപ്പിച്ച ഉച്ചകോടിയിൽ മതവും രാഷ്ട്രീയവും എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്താനും അദ്ദേഹത്തിന് അവസരമുണ്ടായി. രാഷ്ട്രീയത്തിന് പുറമേ സാഹിത്യവും സ്പോർട്സും അദ്ദേഹത്തിന് ഇഷ്ട മേഖലകളാണ്. എം.ടി.വാസുദേവൻ നായർ (എം.ടി.), വടക്കേ കൂട്ടാല നാരായണൻകുട്ടി നായർ (വി.കെ.എൻ.), ഡീഗോ മറഡോണ എന്നിവരുടെയൊക്കെ ആരാധകനാണ് ശ്രീ. എം. ബി. രാജേഷ്. Faiz Ahmad Faiz-ന്റെ വിഖ്യാത കവിത 'Hum Dekhenge' പൗരത്വ പ്രക്ഷോഭ കാലത്ത് മലയാളത്തിലേയ്ക്ക് മൊഴി മാറ്റിയത് രാഷ്ട്രീയത്തെ സർഗ്ഗാത്മകമായി കാണുന്നു എന്നതുകൊണ്ടാണ്. 'നിശബ്ദരായിരിക്കാൻ എന്തവകാശം?' എന്നതു മുതൽ 'വിരുദ്ധ ലോകങ്ങൾ' വരെയായി നിരവധി കൃതികൾ വ്യത്യസ്ത വിഷയങ്ങൾ മുൻനിർത്തി എഴുതിയിട്ടുള്ള വ്യക്തികൂടിയാണ് അദ്ദേഹം. ഇങ്ങനെ ബഹുമുഖ വ്യക്തിത്വമെന്ന് വിശേഷിപ്പിക്കേണ്ട ശ്രീ. എം. ബി. രാജേഷിന് ശ്രദ്ധേയമായ നിലയിൽ സഭയെ നയിക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരള നിയമസഭയുടെ 23-ാമത്തെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ ആത്മാർത്ഥമായി അനുമോദിക്കുകയാണ്.

നിയമനിർമ്മാണത്തിലും മറ്റ് നടപടിക്രമങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ ഈ നിയമസഭയുടെ നാഥനായിട്ടാണ് അങ്ങ് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് എന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. 1957 ഏപ്രിൽ 5-നാണ് കേരള നിയമസഭ ആദ്യമായി നിലവിൽ വരുന്നത്. അന്നുതൊട്ട് ഇന്നുവരെ ഉന്നതമായ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന കാര്യത്തിൽ കേരള നിയമസഭ എന്നും മുന്നിട്ടുനിന്നു. പതിമൂന്നാം കേരള നിയമസഭയിൽ ഉണ്ടായ ദൗർഭാഗ്യകരമായ കാര്യങ്ങളെ വിസ്മരിച്ചുകൊണ്ടല്ല ഞാൻ ഇത് പറയുന്നത്. പത്ത് വർഷക്കാലത്തെ ഇന്ത്യൻ പാർലമെന്റിലുള്ള പരിചയവും അനുഭവസമ്പത്തും കേരള നിയമസഭയെ നിയന്ത്രിക്കാൻ അങ്ങേയ്ക്ക് സഹായകമാകുമെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിയമസഭയുടെ നീതിപൂർവ്വമായ പ്രവർത്തനത്തിന് അങ്ങയുടെ നേതൃത്വം കൂടുതൽ ഊന്നൽ കൊടുക്കുമെന്ന് ഞാൻ പ്രത്യാശിക്കുകയാണ്. ജനാധിപത്യത്തെ കൂടുതൽ മനോഹരമാക്കുന്ന, അതിന് ചാരുത നൽകുന്ന ഒന്നാണ് പ്രതിപക്ഷ പ്രവർത്തനം. പ്രതിപക്ഷത്തിന്റെ പ്രവർത്തനങ്ങൾക്ക് ഈ നിയമസഭയിൽ പൂർണ്ണ സംരക്ഷണം സഭാനാഥനായ അങ്ങയിൽനിന്നും ഉണ്ടാകുമെന്ന ഉറച്ച വിശ്വാസമുണ്ട്. സഭയ്ക്ക് പുറത്ത് രാഷ്ട്രീയം പറയുമെന്നുള്ള അങ്ങയുടെ പ്രസ്താവന ഞങ്ങളെ കുറച്ച് വേദനിപ്പിച്ചു എന്നകാര്യം ഞാൻ ഇവിടെ പരാമർശിക്കുന്നു. അത്തരമൊരു പ്രസ്താവന കേരളത്തിന്റെ ചരിത്രത്തിൽ ഈ സ്ഥാനത്തേയ്ക്ക് നിയോഗിക്കപ്പെട്ട ഒരാളിൽനിന്നും ഉണ്ടായിട്ടില്ല. അങ്ങ് ഈ സഭയ്ക്ക് പുറത്ത് രാഷ്ട്രീയം പറഞ്ഞാൽ സ്വാഭാവികമായും ഞങ്ങൾക്കതിന് മറുപടി പറയേണ്ടി വരും. അത് സംഘർഷങ്ങൾ ഉണ്ടാക്കും. നിയമസഭയിൽ വരുമ്പോൾ അത് ഒളിച്ചുവയ്ക്കാൻ പ്രതിപക്ഷമായ ഞങ്ങൾക്ക് കഴിയില്ല. അത് സഭാ പ്രവർത്തനം തടസ്സപ്പെടുത്തും. അതുകൊണ്ട് തീർച്ചയായും അതെല്ലാം ഒഴിവാക്കണമെന്ന് വിനയപൂർവ്വം അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

12-ാം കേരള നിയമസഭ എന്നെ സംബന്ധിച്ചിടത്തോളം എന്റെ പാർലമെന്ററി ജീവിതത്തിലെ യുദ്ധപർവ്വം എന്ന് വിശേഷിപ്പിക്കാൻ കഴിയാവുന്ന ഒരു സഭയാണ്. അന്ന് ഈ നിയമസഭയുടെ നാഥനായിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ ഇന്ന് മന്ത്രിയായി ഇവിടെയുണ്ട്. അദ്ദേഹം നല്ലൊരു മാതൃകയാണെന്ന് ഞാൻ പ്രത്യേകം പരാമർശിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഈ നിയമസഭയിലെ ചർച്ചകൾ ഉന്നതമായ നിലവാരത്തിലേയ്ക്ക് കൊണ്ടുപോകാൻ നമുക്ക് കഴിയണം. നമ്മുടെ മദർ പാർലമെന്റെന്ന് വിശേഷിപ്പിക്കപ്പെടുന്ന House of

LIBRARY ARCHIVES Kerala Legislative Assembly

Commons-ലെ കീഴ്വഴക്കങ്ങൾ, പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പാർലമെന്റിൽ നടത്തിയ വളരെ പ്രധാനപ്പെട്ട, ഉദാത്തമായ മാനങ്ങൾ ഉണ്ടായിരുന്ന പാർലമെന്ററി പ്രവർത്തനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പരാമർശങ്ങൾ, ആദ്യ ലോകസഭ സ്പീക്കറായിരുന്ന ജി. വി. മാവ്ലങ്കർ ഉണ്ടാക്കിയ കീഴ്വഴക്കങ്ങൾ, പാർലമെന്റിലെ നടപടിക്രമങ്ങൾ അപ്ഡേറ്റ് ചെയ്യുന്ന, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ച Kaul and Shakdher-ഉം ഈ സഭയിലെ മഹാരഥന്മാർ നടത്തിയ ഉജ്ജ്വലമായ പ്രസംഗങ്ങളിലെ ഉദ്ധരണികൾ, കൊച്ചി-തിരുവിതാംകൂർ നിയമസഭയിലെയും 1957 മുതലുള്ള കേരള നിയമസഭയിലെയും ഇ.എം.എസ്. നമ്പൂതിരിപ്പാട്, വി. ആർ. കൃഷ്ണയ്യർ, പട്ടം താണുപിള്ള, സി. നാരായണപിള്ള, പി. എസ്. നടരാജപിള്ള, സി. അച്യുതമേനോൻ, ടി. എം. വർഗ്ഗീസ്, സി. കേശവൻ എന്നിവരെപോലുള്ള പ്രഗത്ഭമതികൾ നടത്തിയ ആഴത്തിലുള്ള പ്രസംഗങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ, പാർലമെന്ററി ജനാധിപത്യത്തിന്റെ അവസാനവാക്കെന്ന് വിശേഷിപ്പിക്കപ്പെടുന്ന Ivor Jennings-ന്റെ ഉദ്ധരണികൾ, അദ്ദേഹത്തിന്റെ പ്രസിദ്ധമായ ക്യാബിനറ്റ്, പാർലമെന്റ് തുടങ്ങിയ പുസ്തകങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ, അത് കയ്യിലിട്ട് അമ്മാനമാടിയിരുന്ന, ഈ നിയമസഭയെ കോരിത്തരിപ്പിച്ച പനമ്പിള്ളി ഗോവിന്ദമേനോന്റെ വാക്കുകൾ, ആ കാലഘട്ടങ്ങളിലെല്ലാം ഈ നിയമസഭ ഉന്നതമായ നിലവാരത്തിലേയ്ക്ക് പോയിരുന്നു. ഈ നിയമസഭയിൽ കടന്നുവന്നിരിക്കുന്ന പുതിയ അംഗങ്ങൾ ഉൾപ്പെടെയുള്ള ആളുകൾ, അത്തരം പരാമർശങ്ങൾ നടത്തി ഈ നിയമസഭയെ ഇന്ത്യയിലെ അല്ലെങ്കിൽ ലോകത്തെ ശ്രദ്ധിക്കപ്പെടുന്ന ഏറ്റവും നിലവാരമുള്ള ഒന്നാക്കി ഉയർത്തണം. അതിന് അങ്ങ് എല്ലാ പ്രോത്സാഹനവും നൽകണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. സഭാനടപടികൾ ഫലപ്രദമായി നിയന്ത്രിക്കാനും ഈ നിയമസഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാനും അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. പ്രതിപക്ഷത്തിന്റെ പൂർണ്ണ സഹകരണം സഭാനാഥനായ അങ്ങേയ്ക്ക് വാഗ്ദാനം നൽകിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, 15-ാമത് കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അങ്ങയെ ഞാൻ അനുമോദിക്കുന്നു. ഇവിടെ ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമെല്ലാം നിർദ്ദേശിച്ചിട്ടുള്ള വിധത്തിൽത്തന്നെ സഭാനാഥനെന്ന നിലയിൽ താങ്കൾക്ക് കാര്യങ്ങൾ കൈകാര്യംചെയ്ത് മുന്നോട്ടു പോകാൻ കഴിയുമെന്നുതന്നെ ഞാൻ ഉറച്ച് വിശ്വസിക്കുകയാണ്. അങ്ങയുടെ അനുഭവസമ്പത്തിനെക്കുറിച്ചും പ്രവർത്തന പരിചയത്തെക്കുറിച്ചും പാർലമെന്ററി പ്രവർത്തനത്തെക്കുറിച്ചുമെല്ലാംതന്നെ ഇവിടെ വിശദീകരിക്കപ്പെട്ടുകഴിഞ്ഞു. പൊതു പ്രവർത്തന രംഗത്തും പാർലമെന്ററി പ്രവർത്തനരംഗത്തുമെല്ലാം ആഴത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

അനുഭവസമ്പത്തും അറിവും നേടിയിട്ടുള്ള അങ്ങേയ്ക്ക് ജനാധിപത്യ സംവിധാനത്തിലെ ഏറ്റവും മെച്ചപ്പെട്ട രീതിയിൽ, ആവശ്യമായ ഇടപെടലുകളിലെല്ലാം വേണ്ട നിർദ്ദേശങ്ങൾ നൽകി ഈ സഭയെ കൈകാര്യം ചെയ്ത് മുന്നോട്ടുപോകാൻ ആവശ്യമായ ശക്തിയും കരുത്തുമുണ്ടാകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അങ്ങേയ്ക്ക് ഈ സന്ദർഭത്തിൽ ഒരിക്കൽക്കൂടി അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു. നമസ്കാരം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അങ്ങയെക്കുറിച്ച് ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും അതുപോലെതന്നെ കക്ഷിനേതാവ് ശ്രീ. ഇ. ചന്ദ്രശേഖരനുമെല്ലാം പറഞ്ഞതുപോലെ, നല്ല പൊതുപ്രവർത്തനത്തിന്റെ റെക്കോർഡുള്ള അങ്ങ് സ്പീക്കറായി വന്നു. ഞാനും അങ്ങയെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്.

അനവധി മഹാരഥൻമാരെ ഈ സ്ഥാനത്തേയ്ക്ക് സംഭാവന ചെയ്യാൻ കഴിഞ്ഞ ഒരു പ്രസ്ഥാനത്തിന്റെ, ഒരു പാർട്ടിയുടെ പ്രതിനിധി, ഒന്നല്ല രണ്ടല്ല, നിരവധി മഹാരഥൻമാരെ സംഭാവന ചെയ്യാൻ കഴിഞ്ഞ ഒരു പാർട്ടിയുടെ പ്രതിനിധി എന്നുള്ള നിലയിൽ അങ്ങയെ അഭിനന്ദിക്കാൻ എനിക്ക് പ്രത്യേകമായ ചാരിതാർത്ഥ്യമുണ്ട്. ഇടയ്ക്ക് ലോകസഭയിൽ ഒന്നിച്ച് പ്രവർത്തിക്കാനുള്ള അവസരമുണ്ടായപ്പോൾ ഇത്രപെട്ടെന്ന് അങ്ങ് സ്പീക്കറും ഞാൻ അഭിനന്ദിക്കുന്ന ആളുമായി വരുമെന്ന് ഒരിക്കലും കരുതിയിട്ടില്ല. രാഷ്ട്രീയത്തിൽ ഇങ്ങനെയൊക്കെയാണല്ലോ; പക്ഷേ, അങ്ങയുടെ ലോകസഭയിലെ പ്രവർത്തനങ്ങൾ നേരിൽ കാണാനും ആ ഊർജ്ജസ്വലത അവിടെ ദർശിക്കാനുമൊക്കെ കഴിഞ്ഞുവെന്നുള്ളത് ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്.

ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഇടയ്ക്ക് അങ്ങൊരു പ്രസ്താവന നടത്തി. സ്പീക്കർ എന്നുള്ളത് എപ്പോഴും 'Impartial Empire' തന്നെയാണ്. അങ്ങനെയാണ് അതിന്റെ നിർവ്വചനം. അങ്ങനെതന്നെ അങ്ങ് നിർവ്വഹിച്ചുപോകും എന്നാണ് കരുതുന്നത്. ഞങ്ങൾക്കൊക്കെ പരിക്കുണ്ടാക്കുന്ന രാഷ്ട്രീയമൊന്നും അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുകയില്ലെന്ന് ഞാനും ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ ഈ നിയമസഭ എന്നുപറയുന്നത് പലതും കണ്ടതാണ്. ഉന്നത നിലവാരത്തിലുള്ള ചർച്ചകൾ തന്നെയാണ് നല്ലത്. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞതുപോലെ മൂർച്ചയുള്ള വിമർശനമാകാം. പേഴ്സണൽ ആകാതിരുന്നാൽമതി. അതുപോലെതന്നെ മാന്യത വിടാതിരുന്നാൽമതി. ആഴത്തിലുള്ള പ്രതിപക്ഷത്തിന്റെ വിലയിരുത്തൽ തീർച്ചയായും ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടാകും. അതിൽ യാതൊരുവിധ കോംപ്രമൈസും ഉണ്ടാകുകയില്ല. കാരണം, അത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷത്തിന്റെ ജോലിയാണ്. എന്നാൽ അതിർവരമ്പുകൾ വിടാതെ, വികാരത്തിന് അടിമപ്പെടാതെ നോക്കേണ്ടത് നമ്മുടെ കടമയാണ്. കാരണം, കാണാൻ പാടില്ലാത്തത് പലതും കണ്ടൊരു സഭയുമാണിത്. അതുകൊണ്ടുതന്നെ അങ്ങ് സ്പീക്കർ പദവിയിലിരിക്കുന്ന ഈ സമയത്ത് നിലവാരമുള്ള ചർച്ചകളുണ്ടാകട്ടെ. പ്രതിപക്ഷം അവരുടെ ധർമ്മം വളരെ ശക്തമായിത്തന്നെ നിർവ്വഹിക്കും. അത് സർക്കാരിന്റെ പ്രവർത്തനത്തിനും ആവശ്യമാണ്. സ്തുതിയാണ് ഞങ്ങളുടെ ജോലി. എന്തുതന്നെ ആയാലും അക്കാര്യത്തിൽ ഒരു കോംപ്രമൈസും ഇല്ലാതെ മുന്നോട്ടുപോകും. സ്പീക്കറെന്ന നിലയിൽ കഴിവ് തെളിയിച്ച്, ഉന്നത നിലവാരത്തിൽത്തന്നെ കർത്തവ്യം നിർവ്വഹിക്കാൻ അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ഞാനും ആശംസിക്കുകയാണ്. ഞാൻ എല്ലാവിധ ആശംസകളും നേരുന്നു. ജയ്ഹിന്ദ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഈ സഭയുടെ നാഥനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അങ്ങേയ്ക്ക് ആദ്യമായി അനുമോദനങ്ങൾ അർപ്പിക്കുന്നു. ബഹുമാനപ്പെട്ട അങ്ങ് കേരള നിയമസഭയിൽ കന്നിക്കാരനാണെങ്കിലും പാർലമെന്ററി രംഗത്ത് ഒട്ടേറെ കഴിവുകൾ തെളിയിക്കപ്പെട്ടൊരു വ്യക്തിയാണ്. വളരെ ചെറുപ്പത്തിൽത്തന്നെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടാൻ കഴിഞ്ഞത് അങ്ങയുടെ കർമ്മശേഷിയുടെയും യുക്തിമഹാത്മ്യത്തിന്റേയും തെളിവായാണ് കണക്കാക്കപ്പെടുന്നത്. കേരള നിയമസഭ ഇന്ത്യയിലെ നിയമസഭകൾക്കു തന്നെ മാതൃകയാണ്. 1957 ഏപ്രിൽ മാസം 5-ാം തീയതിയാണ് ആദ്യ കേരള നിയമസഭ നിലവിൽ വരുന്നത്. അന്നുമുതൽ ഇന്നുവരെ ഉന്നതമായ ജനാധിപത്യ പാരമ്പര്യം ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞൊരു സഭയാണെന്നുള്ളതിൽ നമുക്ക് വളരെയേറെ അഭിമാനിക്കാം. കാലങ്ങളായി നിലനിർത്തി പരിരക്ഷിച്ചുപോരുന്ന മൂല്യങ്ങളെ ശക്തിപ്പെടുത്തി മുന്നോട്ട് പോകുന്നതിനും ധാർമ്മികതയിൽ അധിഷ്ഠിതമായ പുത്തൻ ജനാധിപത്യ മൂല്യങ്ങൾ കണ്ടെത്തി സഭാനടപടികൾ നവീകരിക്കുന്നതിനും പുതിയ സ്പീക്കർക്ക് കഴിയും എന്നതിന് യാതൊരു സംശയവുമില്ല. നിയമസഭയുടെ അടിസ്ഥാന ചുമതലയായ നിയമനിർമ്മാണം അടക്കമുള്ള നടപടിക്രമങ്ങൾ തടസ്സപ്പെടുത്താതെ മുന്നോട്ട് കൊണ്ടുപോകുമ്പോൾത്തന്നെ നടപടിക്രമങ്ങളുടെ ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ട് സഭാംഗങ്ങളുടെ അധികാരങ്ങൾ പരിരക്ഷിച്ചുപോരുന്നതിനും അങ്ങേയ്ക്ക് തീർച്ചയായും കഴിയും.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ചെയർമാനായി ആരംഭംകുറിച്ച് പൊതുരംഗത്ത് ശക്തമായ നിലപാടുകൾ സ്വീകരിച്ച അങ്ങേയ്ക്ക് ഇന്ത്യൻ പാർലമെന്റിലെ ഏറ്റവും മികച്ച എം.പി.-മാരിൽ ഒരാളായി എന്ന വിശേഷണംവരെ പ്രാപ്തമാക്കിയെടുക്കാൻ സാധിച്ചു. 10 വർഷക്കാലം എം.പി. ആയിരുന്നപ്പോൾ 248 പാർലമെന്റ് ഡിബേറ്റുകളിൽ പങ്കെടുത്ത അങ്ങ് ദേശീയ ശരാശരിയേക്കാൾ നാലിരട്ടി

മുമ്പിലായിരുന്നുവെന്നത് ഈ സന്ദർഭത്തിൽ ഓർക്കുന്നു. അതോടൊപ്പം ഏറ്റവും മികച്ച രീതിയിൽ ഏറ്റവുമധികം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച എം.പി. എന്ന നിലയിൽ ജനപ്രതിനിധികൾക്ക് മാതൃകയാകാൻ കഴിഞ്ഞൊരു വ്യക്തിത്വം കൂടിയാണ് അങ്ങെന്നുള്ളതിൽ അതിയായ സന്തോഷമുണ്ട്. അങ്ങയുടെ യുവത്വവും ഊർജ്ജസ്വലതയും ഈ നിയമസഭയുടെ യുവത്വവും ഊർജ്ജവുമായി മാറട്ടെയെന്ന് ആശംസിക്കുന്നു. എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അങ്ങേയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. എല്ലാവർക്കും സ്വീകാര്യനായി അങ്ങ് മാറണം. അതാണ് എന്റെ ആശംസ.

ഓരോ അംഗത്തിന്റെയും അവകാശം സംരക്ഷിക്കാനുള്ള മുഖ്യ കേന്ദ്രമായി അങ്ങ് മാറണം. അതുപോലെതന്നെ നിയമസഭയെ നിയന്ത്രിച്ചു കൊണ്ടുപോകണം. ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും കാര്യങ്ങൾ ഭദ്രമാക്കുകയെന്നുള്ളത് പ്രധാനപ്പെട്ട ചുമതലയാണ്. പ്രധാനമായും പ്രതിപക്ഷത്തെയാണ് അങ്ങ് സംരക്ഷിക്കേണ്ടത്. ഭരണം നടത്തിക്കൊണ്ടുപോകുക എന്നുള്ള വലിയ ഉത്തരവാദിത്വമുണ്ട്. ഈ സഭയെ ശരിയായി നിയന്ത്രിക്കുന്ന ഒരു കേന്ദ്രമായി അങ്ങ് മാറുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ധാരാളം സ്പീക്കർമാർ ഉദാഹരണങ്ങളുണ്ട്. അതിലൊരാളാണ് ശ്രീ. കെ. രാധാകൃഷ്ണൻ. അദ്ദേഹം എല്ലാവർക്കും സ്വീകാര്യനായ ഒരു സ്പീക്കറായിരുന്നു എന്നത് ഞാൻ പ്രത്യേകം എടുത്തുപറയുകയാണ്. വരുംനാളുകളിൽ മുന്നോട്ട് നോക്കുമ്പോൾ ഈ നിയമസഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാനും ഓരോ അംഗത്തിന്റെയും അവകാശം സംരക്ഷിക്കാനും അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുകയാണ്. പാർലമെന്റിലെ അങ്ങയുടെ അനുഭവവും പൊതുരംഗത്തെ പ്രവർത്തനമികവും വച്ച് വിശാലമായി കാര്യങ്ങളെ കാണാൻ അങ്ങേയ്ക്ക് കഴിയുമെന്നുള്ളതിൽ സംശയമില്ല. അങ്ങേയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. ഈ നിയമസഭയുടെ നാഥനായി അങ്ങ് വന്നിരിക്കുന്ന ഈയവസരത്തിൽ ഒരിക്കൽക്കൂടി ആശംസകൾ അർപ്പിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, 15-ാം കേരള നിയമസഭയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഹാർദ്ദമായി അഭിനന്ദിക്കുകയാണ്. കേരളത്തിലെ നിയമസഭയ്ക്ക് യോഗ്യനും ഉത്തമനുമായ ഒരു അദ്ധ്യക്ഷനെ ലഭിച്ചിരിക്കുകയാണ്. ദിവസേനയുള്ള ചാനലുകളിലെ ചർച്ചകളിൽ വസ്തുനിഷ്ഠമായി രാഷ്ട്രീയ വിഷയങ്ങൾ അപഗ്രഥിച്ച് വിലയിരുത്തുന്ന ഒരു താരത്തെ കേരളത്തിന് നഷ്ടപ്പെടുന്നു എന്ന ദുഃഖംകൂടി ഞാൻ പങ്കുവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങയുടെ കഴിഞ്ഞ നാളുകളിലെ പ്രവർത്തനം ഏതെല്ലാം മേഖലകളിൽ ഉണ്ടായിരുന്നുവെന്നത് ഇവിടെ പരാമർശിക്കപ്പെടുകയുണ്ടായി. അവിടെയെല്ലാം നല്ല മികവ് പ്രകടിപ്പിക്കാൻ കഴിഞ്ഞു. വലിയ അനുഭവസമ്പത്തുമായിട്ടാണ് ചെറുപ്രായത്തിൽ നിയമസഭയുടെ നാഥനായി അങ്ങ് എത്തിയിരിക്കുന്നത്. തീർച്ചയായും ഇവിടെ ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമൊക്കെ സൂചിപ്പിച്ചതുപോലെ നിയമസഭാനടപടികളുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ടു വരാൻ അങ്ങയുടെ ഇടപെടലും നേതൃത്വവും കാരണമാകുമെന്നുതന്നെ ഞാൻ വിശ്വസിക്കുകയാണ്. എട്ടാം കേരള നിയമസഭയിൽ ഞാൻ ആദ്യമായി എത്തുമ്പോൾ, അന്ന് വർക്കല രാധാകൃഷ്ണനെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ദിവസം അദ്ദേഹം നടത്തിയ മറുപടി പ്രസംഗത്തിലെ 'നിയമസഭാ സ്പീക്കർ ഒരു സ്കൂൾ ഹെഡ്മാസ്റ്ററല്ല, ജനാധിപത്യത്തിന്റെ ശ്രീകോവിലിലെ ഒരു പൂജാരിയാണ്" എന്ന വാചകം ഞാൻ ഓർമ്മിക്കുകയാണ്. നമ്മുടെ മുമ്പിൽ ഭരണഘടനാ വ്യവസ്ഥകളും നടപടിക്രമങ്ങളും ചട്ടങ്ങളുമൊക്കെയുണ്ട്. അവയെല്ലാം പാലിക്കപ്പെടേണ്ടതാണ്. അതിനപ്പുറത്ത് എല്ലാവരുടേയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന രൂപത്തിലുള്ള ഒരു സഹകരണ മനോഭാവം അംഗങ്ങളും പ്രകടിപ്പിച്ചുകൊണ്ടുമാത്രമേ നിയമസഭാനടപടികൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. നിയമസഭാനടപടികൾ എന്നത് ഈ സഭാതലത്തിൽ മാത്രമുള്ള നടപടികളല്ല. കേരള നിയമസഭയിലെ സബ്ജക്ട് കമ്മിറ്റികളടക്കമുള്ള സമിതികളുടെ പ്രവർത്തനങ്ങളോടൊപ്പംതന്നെ ആധുനികവൽക്കരണത്തിലേയ്ക്ക് നീങ്ങുന്ന നമ്മുടെ സംവിധാനങ്ങളായ സഭാ ടി.വി. തുടങ്ങിയവയെല്ലാം ഇന്ത്യയിലെ മറ്റ് നിയമസഭകൾക്ക് മാതൃകയാണ്. പുതിയ മാതൃകകൾ സൃഷ്ടിക്കാൻ അങ്ങയുടെ കാലഘട്ടത്തിലും കഴിയട്ടേയെന്ന് ഞാൻ ഹൃദയപൂർവ്വം ആശംസിക്കുകയാണ്.

നമ്മുടെ നിയമസഭയുടെ പ്രവർത്തനങ്ങൾക്ക് ഒരു പ്രത്യേകതയുണ്ട്. സ്റ്റാറ്റസ്കോ മെയിന്റയിൻ ചെയ്യുന്ന നിയമങ്ങളല്ല, നിയമനിർമ്മാണ രംഗത്തുതന്നെ നിലനിൽക്കുന്ന ഘടനകളെ ശക്തിപ്പെടുത്തുന്ന, നാട്ടിൽ അനിവാര്യമായ മാറ്റങ്ങളെ ത്വരിതപ്പെടുത്തുന്ന നിയമനിർമ്മാണങ്ങളാണ് എക്കാലത്തും കേരള നിയമസഭ പാസ്സാക്കിയിട്ടുള്ളത്. ആ പാരമ്പര്യത്തിൽ നമുക്ക് മുന്നേറാൻ കഴിയട്ടെ. ഗവൺമെന്റിന്റെ ഔദ്യോഗികമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതോടൊപ്പംതന്നെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിച്ച് കഴിഞ്ഞ നാളുകളിൽ മികവാർന്ന പ്രവർത്തനങ്ങൾ മറ്റ് മേഖലകളിൽ കാഴ്ചവച്ചതുപോലെ സഭാദ്ധ്യക്ഷനെന്ന നിലയിലും കാഴ്ചവയ്ക്കാൻ അങ്ങേയ്ക്ക് കഴിയട്ടേയെന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു. എല്ലാ പിന്തുണയും അങ്ങേയ്ക്ക് അർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, 15-ാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് ഞാൻ എല്ലാവിധ ആശംസകളും അർപ്പിക്കുകയാണ്. അനവധി പ്രഗത്ഭർ ഇരുന്ന ആ സ്ഥാനം മഹത്വപൂർണ്ണമായിത്തന്നെ മുന്നോട്ട് കൊണ്ടുപോകാൻ അങ്ങേയ്ക്ക് കഴിയും. ജനാധിപത്യത്തിൽ നിയമസഭയുടെ സ്ഥാനവും ഔന്നത്യവും ഉയർത്തിപ്പിടിക്കുന്ന നിലയിൽത്തന്നെ ആയിരിക്കണം ഒരു സ്പീക്കറുടെ പ്രവർത്തനങ്ങൾ. അങ്ങയുടെ പാർലമെന്ററിയൻ രംഗത്തുള്ള അനുഭവവും പൊതുരംഗത്തുള്ള അനുഭവസമ്പത്തും തീർച്ചയായും അതിന് മുതൽക്കൂട്ടാകുമെന്ന് ഞങ്ങൾ കരുതുകയാണ്. ഗവൺമെന്റിന്റെ ബിസിനസ്സ് മുന്നോട്ട് കൊണ്ടുപോകുമ്പോൾത്തന്നെ ഇവിടെ സൂചിപ്പിച്ചതുപോലെ പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുക എന്ന വലിയ ഉത്തരവാദിത്വവും അങ്ങയിൽ നിക്ഷിപ്തമാണ്. നിയമസഭാംഗങ്ങൾ ഇവിടെ മുന്നോട്ടുവയ്ക്കാൻ പോകുന്നത് ജനങ്ങളുടെ താൽപ്പര്യങ്ങളും അവരുടെ പ്രതീക്ഷകളും അടക്കമുള്ള കാര്യങ്ങളാണ്. അത് അതിന്റേതായ നിലയിൽ നടപ്പിലാകുന്നുവെന്നത് ഉറപ്പുവരുത്താൻ അങ്ങേയ്ക്ക് കഴിയണം. നിയമസഭാ സമ്മേളനങ്ങളുടെ നടപടിക്രമങ്ങൾ കൃത്യമായി ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞ കാലഘട്ടങ്ങളിൽ സാധിച്ചിട്ടുണ്ട്. ജനങ്ങളിൽനിന്ന് അകന്നല്ല, ജനങ്ങളുടെ ഭാഗമായി നിയമസഭ മുന്നോട്ട് പോകുന്നതാണ് കഴിഞ്ഞകാല ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നത്. അത് കൂടുതൽ കാര്യക്ഷമമാക്കാൻ അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. നിയമസഭാ സമിതികളെ കൂടുതൽ ക്രിയാത്മകമാക്കാൻ കഴിയട്ടെ. അങ്ങേയ്ക്ക് എല്ലാവിധ ആശംസകളും ഒരിക്കൽക്കൂടി അർപ്പിക്കുകയാണ്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, 15-ാം കേരള നിയമസഭയുടെ ഏറ്റവും പരമോന്നത പദവിയായ സഭയുടെ അദ്ധ്യക്ഷ പദവിയിലേയ്ക്ക് അങ്ങ് വന്നത് ഏറ്റവും സന്തോഷവും ആത്മസംതൃപ്തിയും തരുന്ന സംഭവമാണ്. സാധാരണയിൽ സാധാരണക്കാരനായ എന്നെപ്പോലെയുള്ള ആളുകൾക്ക് അങ്ങയെ അഭിനന്ദിക്കാൻ കിട്ടുന്ന ഈ സന്ദർഭം ജീവിതത്തിൽ ഒരിക്കലും മറന്നുപോകാത്തതും നിയമസഭയുടെ ചരിത്രത്തിൽ രേഖപ്പെടുത്തുന്നതുമായ കാര്യമായതുകൊണ്ട് ഒരുപാട് ആത്മസംതൃപ്തിയിലും സന്തോഷത്തിലുമാണ് ഞാൻ സംസാരിക്കുന്നത്. പറഞ്ഞറിയിക്കാൻ പറ്റാത്തൊരു വലിയ വികാരം എന്റെ ഹൃദയത്തെ കീഴടക്കുന്നു. എന്റെ വാക്കുകൾ അങ്ങയുടെ ഹൃദയത്തിന് ആശ്വാസവും സമാധാനവും തരട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

ഞാനൊരു തികഞ്ഞ ഈശ്വരവിശ്വാസിയാണ്. വിശുദ്ധ വേദപുസ്തകത്തിൽ ഞാൻ വായിച്ചിട്ടുള്ളതിൽ എന്നെ ഏറ്റവുമധികം സന്തോഷിപ്പിച്ചതും അതുപോലെ ഒരു തീരുമാനമെടുക്കാൻ തക്കവണ്ണം ശലോമോൻ രാജാവിനെ പ്രേരിപ്പിച്ചതുമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സംഭവം അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. രണ്ട് സ്ത്രീകൾ ഒന്നിച്ച് താമസിച്ചിരുന്നു. അവർക്ക് രണ്ട് കുട്ടികൾ ഉണ്ടായിരുന്നു. അബദ്ധവശാൽ ഒരു സ്ത്രീ അവരുടെ കുട്ടിയുടെ മേൽ കയറിക്കിടന്നു. ആ കുട്ടി മരിച്ചുപോയി. രാത്രിയിൽ വിദഗ്ദ്ധമായ രീതിയിൽ മരിച്ച കുട്ടിയെ മാറ്റി ജീവനുള്ള കുട്ടിയെ ആ സ്ത്രീയുടെ പക്കൽ കൊണ്ടുകിടത്തി. രാവിലെ ഉണർന്നുനോക്കിയപ്പോൾ തന്റെ പക്കൽ കിടക്കുന്ന മരിച്ച കുട്ടി തന്റേതല്ലെന്ന് സ്ത്രീക്ക് മനസ്സിലായപ്പോൾ ആ വിഷയം രാജാവിന്റെ അടുക്കൽ കൊണ്ടുവന്നു. മരിച്ചുപോയ കുട്ടി തന്റേതല്ല എന്ന് ഒരു സ്ത്രീയും ജീവിച്ചിരിക്കുന്ന കുട്ടി എന്റേതാണെന്ന് മറ്റേ സ്ത്രീയും പറയുമ്പോൾ അതിനൊരു തീരുമാനമെടുക്കാൻ കഴിയാതെ വന്ന രാജാവ്, ഒരു വാൾ കൊണ്ടുവന്ന് ഈ കുട്ടിയെ രണ്ടായി പിളർന്ന് ഒരു പകുതി ഒരാൾക്കും മറ്റേപകുതി മറ്റേയാൾക്കും കൊടുക്കാൻ പറഞ്ഞു. യഥാർത്ഥ അമ്മയ്ക്ക് മനസ്സിൽ വളരെയധികം ഭാരമുണ്ടായപ്പോൾ ആ സ്ത്രീ പറഞ്ഞു, രാജാവേ ആ കുട്ടിയെ കൊല്ലേണ്ട; മറ്റേ സ്ത്രീക്ക് കൊടുത്തേക്കൂ; ആ കുട്ടി ജീവിച്ചിരിക്കുമല്ലോ എന്ന്. അപ്പോൾ മറ്റേ സ്ത്രീ പറഞ്ഞ മറുപടി, എനിക്കുംവേണ്ട നിനക്കുംവേണ്ട. രാജാവ് പറഞ്ഞതാണ് കറക്ട്. അതിനെ പിളർക്കട്ടെ എന്നുപറഞ്ഞു. രാജാവ് കൊടുത്ത മറുപടി, യഥാർത്ഥ അമ്മ ആദ്യം പറഞ്ഞ സ്ത്രീ ആയതുകൊണ്ട് ആ കുട്ടിയെ അവൾക്ക് കൊടുക്കാനായി ഉത്തരവുണ്ടായി. ഇസ്രായേൽ ദേശമൊക്കെയും ഇത് പരന്നെന്നാണ് വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നത്. കാരണം, ദൈവത്തിന്റെ ജ്ഞാനവും വിവേകവുമുള്ള ഒരു രാജാവിനെ നമുക്ക് കിട്ടിയിരിക്കുന്നു. എനിക്ക് അങ്ങയെക്കുറിച്ച് പറയുവാനുള്ളതും അതുതന്നെയാണ്. ഈ പ്രത്യേക സാഹചര്യത്തിൽ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും വികാര വിചാരങ്ങൾ മനസ്സിലാക്കി ഉചിതമായൊരു തീരുമാനമെടുക്കാൻ തക്കവണ്ണം സ്വർഗ്ഗത്തിലെ ദൈവം തക്കസമയത്ത് അങ്ങയുടെ ഹൃദയത്തിന് ആശ്വാസവും വിവേകവും തരട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് ഈ സഭയുടെ നാഥനായി വന്ന അങ്ങേയ്ക്ക് എല്ലാവിധ പിന്തുണയും എൻ.സി.പി.-യുടെ പാർലമെന്ററി പാർട്ടി നേതാവെന്നുള്ള നിലയിൽ പറഞ്ഞുകൊണ്ട് നിർത്തുന്നു. ദൈവം അങ്ങയെ അനുഗ്രഹിക്കുമാറാകട്ടെ.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, പതിനഞ്ചാം കേരള നിയമസഭയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് ഞാൻ എല്ലാ ആശംസകളും നേരുകയാണ്. ഇന്ത്യൻ പാർലമെന്റിലെ ഒരു അംഗമെന്ന നിലയിൽ ശക്തമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച അങ്ങേയ്ക്ക് ഈ നിയമസഭയെ നിയന്ത്രിച്ചു കൊണ്ടു പോകാൻ കഴിയുമെന്ന് എനിക്കറിയാം. അതിന് കഴിയുമാറാകട്ടെയെന്ന് ഒരിക്കൽക്കൂടി ആശംസിച്ചുകൊണ്ട് നിർത്തുന്നു, നന്ദി.



LIBRARY ARCHIVES Kerala Legislative Assembly

തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എം. ബി. രാജേഷ്, എന്തുകൊണ്ടും ആ സ്ഥാനത്ത് ഇരിക്കാൻ യോഗ്യനാണെന്ന് എല്ലാവർക്കുമറിയാം. ദീർഘകാലത്തെ പാർലമെന്ററി പ്രവർത്തനപരിചയവും പൊതുരംഗത്തെ പരിചയവും സമന്വയിപ്പിച്ചു കൊണ്ട് ഈ സഭയുടെ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ അദ്ദേഹത്തിന് സാധിക്കും. പ്രതിപക്ഷ ബഹുമാനത്തോടെ ഈ സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോകാൻ അദ്ദേഹത്തിന് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ഈ സഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തിൽ തുടങ്ങി പാർലമെന്റുവരെ എത്തിയ അങ്ങയുടെ പരിചയസമ്പത്ത് സഭയ്ക്ക് ഏറെ ഗുണകരമാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പാർലമെന്റിനകത്തും പുറത്തും അങ്ങ് നടത്തിയിട്ടുള്ള മികവുറ്റ പോരാട്ടങ്ങൾ കക്ഷിരാഷ്ട്രീയത്തിനതീതമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. നിയമസഭാ സ്പീക്കർ രാഷ്ട്രീയകാര്യങ്ങളിൽ അഭിപ്രായപ്രകടനങ്ങൾ നടത്താൻ പാടില്ലെന്ന നിലപാടിനോട് യോജിക്കാൻ കഴിയില്ല. സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിച്ചും അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുമുള്ള മുന്നോട്ടുള്ള പ്രയാണത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുകയാണ്. നിയമസഭയ്ക്ക് അകത്തും പുറത്തും നിയമസഭാംഗങ്ങളുടെ പ്രിവിലേജ് സംരക്ഷിക്കുകയെന്ന ഒരു വലിയ ഉത്തരവാദിത്വമാണ് അങ്ങേയ്ക്കുള്ളത്. ആർ. ശങ്കരനാരായണൻ തമ്പി മുതൽ രാഷ്ട്രീയരംഗത്തെ പ്രമുഖരായ വ്യക്തികളാണ് അങ്ങ് ഇപ്പോഴിരിക്കുന്ന ഈ കസേരയിൽ ഇരുന്നിട്ടുള്ളത്. അവരിൽ ചിലരെക്കുറിച്ചൊക്കെ ഇവിടെ പരാമർശി ക്കുകയുണ്ടായി. ഏറ്റവും ശക്തവും ജനകീയവും വിപ്ലവകരവുമായ നിയമങ്ങൾ പാസ്സാക്കിയെടുക്കാനും സഭാനടപടികളിലും കീഴ്വഴക്കങ്ങളിലും മാറ്റങ്ങൾ കൊണ്ടുവരാനും കഴിഞ്ഞ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട സഭയാണ് കേരള നിയമസഭ. അതിന്റെ അദ്ധ്യക്ഷനായിരിക്കാനുള്ള ഭാഗ്യം അങ്ങേയ്ക്ക് ഈ ചെറിയ പ്രായത്തിൽ ലഭിച്ചത് വലിയൊരു കാര്യമാണ്. പാർലമെന്ററിരംഗത്തും രാഷ്ട്രീയരംഗത്തുമുള്ള അങ്ങയുടെ പരിചയവും സാംസ്കാരികരംഗത്തെ പ്രവർത്തനങ്ങളും ഇനിയുള്ള നാളുകളിൽ ഈ നിയമസഭയുടെ അന്തസ്സ് ഉയർത്തുന്നതിന് സഹായിക്കട്ടെയെന്ന് ആശംസിക്കുന്നു. ശ്രീ. വി. എം. സുധീരൻ ഉൾപ്പെടെയുള്ള പ്രമുഖരായ സ്പീക്കർമാർ ഈ നിയമസഭയ്ക്ക് നേതൃത്വം നൽകിയിട്ടുണ്ട്. ഞാൻ ആദ്യമായി എം.എൽ.എ.-യായി

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോൾ ശ്രീ. കെ. രാധാകൃഷ്ണനായിരുന്നു നിയമസഭാ സ്പീക്കർ. ഈ നിയമസഭയുടെ അദ്ധ്യക്ഷനായിരുന്നുകൊണ്ട് അദ്ദേഹമെടുത്തിട്ടുള്ള മാന്യമായ നിലപാടുകൾ നിയമസഭയിലെ അംഗങ്ങൾക്കും നിയമസഭയുടെ പ്രവർത്തനങ്ങൾക്കും വലിയ ഗുണം ചെയ്തിട്ടുണ്ട്. അത് തീർച്ചയായും മാതൃകയാക്കാൻ കഴിയുന്നതാണ്. കഴിഞ്ഞ നിയമസഭയിലെ സ്പീക്കറായിരുന്ന ശ്രീ. പി. ശ്രീരാമകൃഷ്ണൻ, സഭാംഗങ്ങളോടും മാധ്യമങ്ങളോടും പൊതുസമൂഹത്തോടും ഏറ്റവും മാന്യമായി പെരുമാറിയിരുന്ന ആളായിരുന്നുവെന്നത് വിസ്മരിക്കാൻ കഴിയാത്ത കാര്യമാണ്. അദ്ദേഹം നിയമസഭയിൽ ചെയ്ത നല്ല കാര്യങ്ങൾ, വരുത്തിയ മാറ്റങ്ങൾ, സഭാ ടി.വി. അടക്കമുള്ള കാര്യങ്ങൾ കൊണ്ടുവരുന്നതിലുള്ള അദ്ദേഹത്തിന്റെ കഴിവും സാമർത്ഥ്യവും നമ്മൾ മറക്കാൻ പാടില്ല. അദ്ദേഹത്തെ അഭിനന്ദിക്കാൻകൂടി ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. ഇവിടെ നിയമസഭാ സമിതികളെക്കുറിച്ച് പറഞ്ഞു, അങ്ങ് പാർലമെന്റിലെ പല സമിതികളിലും അംഗമായിരുന്ന ആളാണ്. നിയമസഭാ സമിതിയുടെ വില എന്താണെന്ന് ഉദ്യോഗസ്ഥരും പൊതുസമൂഹവും അറിയുന്നത് നിയമസഭാ സ്പീക്കറുടെ പ്രവർത്തനത്തിലൂടെയാണ്. നിയമസഭാ സമിതികളുടെ സുതാര്യത, അന്തസ്സ്, ശക്തി അതുകൊണ്ട് ജനങ്ങൾക്കും നിയമസഭയ്ക്കും സമൂഹത്തിനുമുണ്ടാകുന്ന ഗുണം എന്നിവയെക്കുറിച്ച് അങ്ങ് ഏറ്റവും ബോധവാനാണ്. അത് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് അങ്ങയുടെ നിലപാടുകൾ പ്രധാനമാണ്. പല സമിതികളിലും അംഗമായിരിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഞാൻ വളരെ വേദനയോടെ പറയട്ടെ, സമിതിയുടെ തീരുമാനങ്ങൾ വളരെ നിസ്സാരമായികാണുന്ന ചില ഉദ്യോഗസ്ഥരുണ്ട്. ഗവൺമെന്റുമായി ബന്ധപ്പെട്ട് അവരെ നിയന്ത്രിക്കാൻ അങ്ങേയ്ക്ക് കഴിയണം. നിയമസഭാ സമിതിയുടെ തീരുമാനങ്ങൾ വളരെ മാന്യതയോടെയും പൂർണ്ണ ഉത്തരവാദിത്വത്തോടെയും ഏറ്റെടുക്കുന്ന സമർത്ഥരായ ഉദ്യോഗസ്ഥർ ധാരാളമുണ്ട്. എന്നാൽ ചില ആളുകൾ, ജില്ലാ കളക്ടർമാർപോലും നിയമസഭാ സമിതിയുടെ തീരുമാനങ്ങളെ പുച്ഛിച്ചുതള്ളുകയും കണ്ടില്ലെന്ന് നടിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ട്. അത് ഉണ്ടാകാതിരിക്കാൻ അങ്ങ് ശ്രമിക്കണം. മറ്റൊരു അപേക്ഷകൂടി ഈ നിയമസഭയിലെ അംഗങ്ങൾക്കുവേണ്ടി ഞാൻ പറയുകയാണ്, അങ്ങ് പാർലമെന്റ് അംഗമായിരുന്നയാളാണ്. ഞാൻ പാർലമെന്റ് സന്ദർശിച്ചിട്ടുണ്ട്, എന്നാൽ അംഗമായിരുന്നിട്ടില്ല. പാർലമെന്റിൽ രാജ്യസഭയ്ക്കും ലോകസഭയ്ക്കും ഇടയിലായി ഒരു ലോഞ്ചുണ്ട്. പാർലമെന്റ് അംഗങ്ങൾ ഇരിക്കുന്നതും നോട്ടുകൾ തയ്യാറാക്കുന്നതും പ്രസംഗത്തിന് തയ്യാറെടുക്കുന്നതുമെല്ലാം അവിടെയാണ്. ഇവിടെ നമുക്കും ഒരു ലോഞ്ചുണ്ട്, അവിടെ എം.എൽ.എ.-മാർക്ക് ഇരിക്കാനുള്ള പ്രത്യേക സൗകര്യമില്ല. അതുകൊണ്ട് അവിടെ ഒരു ഭാഗത്ത് അംഗങ്ങൾക്ക് പി.എ.-മാരുമായി ചേർന്ന് നോട്ടുകൾ തയ്യാറാക്കാനും പ്രസംഗങ്ങൾക്ക് മുന്നോടിയായുള്ള തയ്യാറെടുപ്പുകൾ നടത്താനുമുള്ള സൗകര്യങ്ങൾ ചെയ്തുതരണമെന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥിക്കുകയാണ്. മറ്റുള്ളവർ ലോഞ്ചിൽ വരുന്നതിൽ വിരോധമൊന്നുമില്ല. പക്ഷെ, അവിടെ ഒരു ഭാഗത്ത് ചെറിയൊരു മുറി എം.എൽ.എ.-മാർക്കുവേണ്ടി നൽകണമെന്ന് സ്നേഹത്തോടെ ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങയുടെ പുതിയ പരിഷ്കാരങ്ങൾ ഈ സഭയുടെ അന്തസ്സ് ഉയർത്തട്ടെ. എം.എൽ.എ.-മാരെ മറ്റുള്ളവർ എങ്ങനെ കാണണമെന്ന് തീരുമാനിക്കുന്നത് സ്പീക്കറുടെ നിലപാടുകളാണ്. നിയമ സഭയ്ക്കകത്തും പുറത്തും എം.എൽ.എ.-മാരുടെ പ്രിവിലേജ് സംരക്ഷിക്കാൻ അങ്ങയുടെ ഭാഗത്തുനിന്നും ശക്തമായ നിലപാടുകൾ ഉണ്ടാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. അങ്ങയുടെ എല്ലാ പ്രവർത്തനങ്ങൾക്കും എന്റെയും എന്റെ കക്ഷിയുടെയും പൂർണ്ണപിന്തുണ നൽകുമെന്ന് ഉറപ്പുനൽകിക്കൊണ്ട് എല്ലാവിധ ആശംസകളും നേരുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ള വ്യക്തിത്വങ്ങളെല്ലാം ഇവിടെ രേഖപ്പെടുത്തിയ അഭിനന്ദനത്തിന്റെ വാക്കുകൾ തന്നെയാണ് എനിക്കും ആവർത്തിക്കാനുള്ളത്. പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടതിന്റെ ഔന്നത്യം, അതിന്റെ ഉത്തരവാദിത്വം എല്ലാം അങ്ങേയ്ക്കറിയാമെന്ന് ഞങ്ങൾ കരുതുകയാണ്. യുവത്വത്തിന്റെ ഊർജ്ജസ്വലത, അതിനെക്കാളുപരി മുതിർന്ന നേതാവിന്റെ പ്രതിബദ്ധത, അഗാധമായ പരിജ്ഞാനബോധം, വിഷയങ്ങളെ സവിസ്തരം അപഗ്രഥനം ചെയ്യാനുള്ള വൈജ്ഞാനികത ഇതെല്ലാംതന്നെ അങ്ങ് പ്രകടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. പാർലമെന്റ് അംഗം എന്ന നിലയ്ക്ക് ലോകസഭയ്ക്കകത്തും പുറത്തും താങ്കളുടെ ഏറ്റവും ശ്രദ്ധേയമായ സംഭാവനകൾ ജനാധിപത്യ സംവിധാനത്തിനുതന്നെ വിലപ്പെട്ടതാണ്. അങ്ങേയ്ക്ക് യുവജന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ കർമ്മവീഥികളിലൂടെ കടന്നു വന്നതുകൊണ്ടുള്ള ഒരുപാട് അനുഭവങ്ങളുണ്ട്. ത്യാഗത്തിന്റെയും കഷ്ടപ്പാടിന്റെയും അനുഭവങ്ങളുള്ളതാണ് അങ്ങയുടെ വ്യക്തിത്വമെന്നുള്ളതുകൊണ്ട് താങ്കൾക്ക് സഭാനാഥൻ എന്ന നിലയിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കാനും നിയമസഭയുടെ പാരമ്പര്യം കാത്തുസൂക്ഷിക്കാനും കഴിയുമെന്ന് ഞാൻ കരുതുകയാണ്. ഒരു ചരിത്രപ്രധാനമായ മുഹൂർത്തത്തിലാണ് അങ്ങ് സഭാ നാഥനായി തെരഞ്ഞെടു ക്കപ്പെടുന്നത്. കേരളത്തിൽ പുതിയൊരു ചരിത്രം സൃഷ്ടിച്ചുകൊണ്ട് ഭരണ-രാഷ്ട്രീയ രംഗത്തുണ്ടായ മാറ്റം ഏറ്റവും പ്രോജ്ജ്വലിക്കുന്ന അവസരത്തിലാണ് ചരിത്രത്തിന്റെ നിയോഗമെന്ന നിലയിൽ ഈ നിയമസഭയുടെ നാഥനായി അങ്ങ് തെരഞ്ഞെ ടുക്കപ്പെട്ടത്. തീർച്ചയായും ആ ദൗത്യം പൂർണ്ണവൽക്കരിക്കുന്നതിനും സാധ്യമാക്കു ന്നതിനും താങ്കൾക്ക് സാധിക്കട്ടെയെന്ന് മാത്രമാണ് ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുന്നതും ആശംസിക്കുന്നതും. ഈ ഉന്നത പദവി കൃത്യനിർവ്വഹണ ത്തോടുകൂടി പൂർത്തീകരിക്കാൻ അങ്ങേയ്ക്ക് സാധിക്കട്ടെയെന്ന് ഒരിക്കൽകൂടി ആശംസിച്ചുകൊണ്ട്, പ്രാർത്ഥിച്ചുകൊണ്ട്, എന്റെ വാക്കുകൾ നിർത്തുന്നു, നമസ്കാരം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ: സർ, പതിനഞ്ചാം കേരള നിയമസഭയിലേയ്ക്ക് സഭാനാഥനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് ഒരായിരം ആശംസകൾ. ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്നറിയപ്പെടുന്ന ഈ നിയമസഭയിൽ ഒട്ടേറെ സംഭവബഹുലമായ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. അപ്പോഴൊക്കെ സഭാനാഥന് അത് വളരെ നല്ല രീതിയിൽ പരിഹരിച്ച് മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ ശ്രീ. കെ. രാധാകൃഷ്ണൻ അടക്കമുള്ള മുൻകാല സ്പീക്കർമാരോടൊപ്പമുള്ള അനുഭവങ്ങൾ ഞങ്ങൾക്കൊക്കെയുണ്ട്. അങ്ങേയ്ക്കും അതിനുള്ള കരുത്തും ഊർജ്ജവും ഉണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്. തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും പിന്തുണ നേടിക്കൊണ്ട് കൂടുതൽ കരുത്തോടുകൂടി മുന്നോട്ട് പോകാൻ അങ്ങേയ്ക്ക് സാധിക്കട്ടെ. അങ്ങേയ്ക്ക് അതിനുള്ള എല്ലാ ശക്തിയുമുണ്ടെന്ന് വിശ്വസിച്ചുകൊണ്ട്, ഒരിക്കൽ കൂടി എല്ലാ ആശംസകളും അറിയിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് എന്റെ എല്ലാവിധ അനുമോദനങ്ങളും ആശംസകളും ആദ്യമേ രേഖപ്പെടുത്തുകയാണ്. ഞാൻ അങ്ങയിൽകണ്ട ഒരു പ്രത്യേകത, കേരളത്തിന്റെ പ്രിയങ്കരനായ പിണറായി വിജയൻ സഖാവ് നയിച്ച കേരളത്തിന്റെ അതിർത്തി മേഖലയായ കാസർഗോഡ് നിന്നും ആരംഭിച്ച ജാഥയിൽ അങ്ങും അംഗമായിരുന്നു എന്നതാണ്. അന്ന് അങ്ങയുടെ ഘനഗാംഭീര്യമുള്ള പ്രസംഗംകൊണ്ട് ജാഥാംഗങ്ങളിൽ ഏറ്റവും ശ്രദ്ധേയനായ അംഗമായി അങ്ങ് മാറി. പിണറായി സഖാവിന്റെ ജാഥയിൽ പല സ്ഥലങ്ങളിലും എത്തിച്ചേരാൻ കഴിഞ്ഞിട്ടുള്ള ഒരാൾ എന്ന നിലയിൽ ജനങ്ങളെ പിടിച്ചിരുത്തിയ പ്രസംഗമായിരുന്നു അങ്ങയുടെ പ്രസംഗമെന്ന് ഞാൻ ഈ അവസരത്തിൽ ഓർക്കുകയാണ്. 2001-ൽ കേരള നിയമസഭാംഗമായി ഞാൻ വന്നപ്പോൾ അന്നത്തെ സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമനായിരുന്നു. അന്ന് സഭാസമ്മേളനം ഏകദേശം ഒന്നര-രണ്ട് മണിയോടുകൂടി സമാപിക്കുമായിരുന്നു. ഇപ്പോൾ അത് മണിക്കൂറുകളോളം നീണ്ടുപോകുകയാണ്. ബില്ലിന്മേലുള്ള ചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് സമയപരിധിയില്ല. അതുകൊണ്ടുതന്നെ ഏറ്റവും കൂടുതൽ മണിക്കൂറുകൾ പ്രസംഗിക്കാൻ മത്സരിക്കുന്ന തായാണ് കഴിഞ്ഞകാല നിയമസഭകളിലെല്ലാം ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത്. ഇവിടെ ബഹുമാന്യനായ കെ. രാധാകൃഷ്ണനെക്കുറിച്ച് പറഞ്ഞു. അദ്ദേഹം ഭരണ-പ്രതിപക്ഷ അംഗങ്ങളോട് വളരെ മാന്യമായി ഇടപെട്ട ഒരു സ്പീക്കറായിരുന്നു. വർക്കല രാധാകൃഷ്ണൻ, ശ്രീ. എം. വിജയകുമാർ, ജി. കാർത്തികേയൻ അതുപോലെ കഴിഞ്ഞ സഭയിലെ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ അടക്കമുള്ളവർ ഈ നിയമസഭയ്ക്ക് ഏറ്റവും വലിയ സംഭാവനകൾ നൽകിയവരാണ്. എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങളെയും ഒരുപോലെ കണ്ടുകൊണ്ട് അംഗങ്ങളുടെ പ്രിവിലേജ് എന്താണെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് അവരെല്ലാം പ്രവർത്തിച്ചിട്ടുള്ളത്. തീർച്ചയായും ഇന്ത്യൻ പാർലമെന്റിൽ അങ്ങ് നടത്തിയ പ്രവർത്തനം ഞങ്ങൾക്കെല്ലാം വളരെ മാതൃകയാണ്. വിദ്യാർത്ഥി-യുവജന പ്രക്ഷോഭത്തിൽ അങ്ങയോടൊപ്പം പങ്കെടുക്കാൻ അവസരം ലഭിച്ച ഒരു പ്രവർത്തകനാണ് ഞാൻ. അന്നുമുതലേ ഒരു മികച്ച സംഘാടകനാണ് അങ്ങ് എന്നുപറഞ്ഞുകൊണ്ട് അങ്ങേയ്ക്ക് എല്ലാവിധ അനുമോദനങ്ങളും ആശംസകളും ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. വിരുദ്ധ ധ്രുവങ്ങളിലായിട്ടാണെങ്കിലും വിദ്യാർത്ഥി-യുവജന കാലഘട്ടത്തിൽ പ്രവർത്തിച്ചിരുന്ന സമയം മുതൽ അങ്ങുമായി സൗഹൃദവും ആത്മബന്ധവും ഉണ്ടായിരുന്നുവെന്നത് ഞാൻ സ്മരിക്കുകയാണ്. എത്രയോ വർഷങ്ങളായി വൈകുന്നേരത്തെ ചാനൽ സംവാദങ്ങളിൽ എന്റെ പാർട്ടിയെയും മുന്നണിയെയും പ്രതിനിധാനംചെയ്ത് ഞാൻ പങ്കെടുക്കുമ്പോൾ അങ്ങയുടെ പാർട്ടിക്കും മുന്നണിക്കും വേണ്ടി അങ്ങ് എത്തിയിട്ടുള്ളതും ജനാധിപത്യപരമായ എത്രയോ സംവാദങ്ങളിൽ പങ്കെടുത്തിട്ടുള്ളതും ഈ അവസരത്തിൽ ഓർക്കുകയാണ്. ഒരു മികച്ച പാർലമെന്റ് അംഗമെന്ന നിലയിലുള്ള അനുഭവസമ്പത്ത് അങ്ങേയ്ക്കുണ്ട്. ആ അനുഭവസമ്പത്ത് ഈ സഭയുടെ അവകാശങ്ങളെ സംരക്ഷിച്ച് നയിക്കുന്നതിന് കരുത്താകുമെന്നതിൽ യാതൊരു സംശയവുമില്ല. ഞാൻ ആദ്യമായി ഈ സഭയിലേയ്ക്ക് വരുന്നത് 2006-ലാണ്. അന്ന് ഈ സഭയിലെ ഏറ്റവും പ്രായംകുറഞ്ഞ അംഗമായിരുന്നു ഞാൻ. പക്ഷെ അന്നത്തെ നിയമസഭാ സ്പീക്കറായിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ ഒരു പുതിയ അംഗത്തിന് ലഭിക്കേണ്ട എല്ലാ പിന്തുണയും നൽകി സഭാനടപടികളിൽ പങ്കെടുപ്പിച്ചതും അദ്ദേഹത്തിന്റെ മാതൃകാപരമായ സമീപനങ്ങളെയും നേരിൽ കണ്ടിട്ടുള്ള ഒരു സാമാജികനാണ് ഞാൻ. അതുകൊണ്ട് അങ്ങേയ്ക്കും വളരെ മാതൃകാപരമായിത്തന്നെ ഈ കാലഘട്ടത്തിലെ പുതിയ വെല്ലുവിളികൾ നിറഞ്ഞ സാമൂഹ്യാന്തരീക്ഷത്തിൽ ഈ നിയമസഭയെ മുന്നോട്ടുനയിക്കാൻ കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്. അങ്ങ് പാർലമെന്റ് അംഗമായി പ്രവർത്തിച്ച അവസരത്തിൽ പലപ്പോഴും പാർലമെന്റിൽ പ്രതിപക്ഷത്തിന്റെ ജനാധിപത്യ അവകാശങ്ങളെയെല്ലാം ധ്വംസിച്ചുകൊണ്ട് ഭരണകൂടത്തിന്റേതായ ഏകാധിപത്യം അടിച്ചേൽപ്പിക്കുന്നതിനെതിരായി വീറോടെ പോരാടുന്നത് കണ്ടിട്ടുണ്ട്. ആ അനുഭവമുള്ള ഒരു പാർലമെന്റ് അംഗമായി പ്രവർത്തിച്ച അങ്ങ് ഇവിടെ പ്രതിപക്ഷത്തിന്റെ ജനാധിപത്യ അവകാശങ്ങളെ സംരക്ഷിക്കുന്ന നിലപാടുതന്നെ സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ എനിക്ക് തികഞ്ഞ പ്രത്യാശയുണ്ട്. അതുകൊണ്ട് നടപടിക്രമം എന്ന

LIBRARY ARCHIVES Kerala Legislative Assembly

നിലയിലും മൂല്യം എന്ന നിലയിലും ഈ സഭാശരീരത്തിൽ ജനാധിപത്യത്തിന്റെ ആത്മാവ് പുലരുന്നുവെന്ന് ഉറപ്പുവരുത്താൻ അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ഞാൻ പ്രത്യാശിക്കുന്നു. യഥാർത്ഥ ജനാധിപത്യം ഹൃദയത്തിൽ പരിവർത്തനം ആവശ്യപ്പെടുന്ന ഒന്നാണ് എന്ന മഹാത്മാഗാന്ധിയുടെ വാക്കുകൾ ഈ സഭയെ തുടർന്നുള്ള ദിവസങ്ങളിൽ നയിക്കട്ടെ എന്നുകൂടി പ്രത്യാശിച്ചുകൊണ്ട്, ആർ. ശങ്കരനാരായണൻ തമ്പി മുതൽ ഇങ്ങോട്ട് എല്ലാവരും അനുസ്മരിച്ച മഹാരഥന്മാരുടെ വഴിയിൽ ഈ നിയമസഭയെ ചരിത്രപരമായിത്തന്നെ മുന്നോട്ടുനയിക്കാൻ അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ആത്മാർത്ഥമായി ആശംസിച്ചുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: സഭാനേതാവ് കൂടിയായ ആദരണീയനായ മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാന്യരായ കക്ഷി നേതാക്കളെ, ബഹുമാന്യരായ സാമാജികരെ,

പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി എന്നെ തെരഞ്ഞെടുത്ത സഭയോടും ബഹുമാന്യരായ എല്ലാ അംഗങ്ങളോടും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. നിയമനിർമ്മാണത്തിൽ ഇന്ത്യയിലെതന്നെ മികച്ച നിയമസഭകളിലൊന്നായി നമ്മുടെ നിയമസഭയെ മാറ്റിയ കഠിനാദ്ധ്വാനികളും പ്രതിഭാശാലികളുമായ പൂർവ്വസൂരികളുടെ പിൻഗാമിയായി, ഈ നിയമസഭയുടെ അദ്ധ്യക്ഷനായിരിക്കാൻ കഴിയുന്നത് അഭിമാനകരമായ ഒരു ബഹുമതിയായി ഞാൻ കണക്കാക്കുന്നു. ജനാധിപത്യത്തിന്റെ ഈ ഉയർന്ന വേദിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട എല്ലാ സാമാജികരെയും അഭിനന്ദിക്കുകയാണ്. ജനാധിപത്യം അപരനോടുള്ള കരുതലാണെന്ന് പറഞ്ഞത് ബെർട്രാൻഡ് ആർതർ വില്യം റസ്സൽ ആണ്.

"ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായി ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം"

എന്ന് മഹാകവി അക്കിത്തം എഴുതിയതിലും കാണുന്നത് അപരനോടുള്ള ഈ കരുതൽ തന്നെയാണ്.

നമ്മുടെ നാട് മഹാമാരിയുടെ കഠിനകാലത്തിലൂടെ കടന്നുപോകുമ്പോൾ ഈ നിയമസഭയുടെ ഉത്തരവാദിത്വം വളരെ വലുതാണ്. പകർച്ചവ്യാധിയുടെ മുന്നിൽ പകച്ചുപോകാതെ ഒറ്റക്കെട്ടായിനിന്ന ഒരു ജനതയുടെ പ്രതിനിധികളാണ് നമ്മളെല്ലാവരും. അവരുടെ പ്രതീക്ഷകൾക്കൊത്ത് ഉയരാൻ ഈ നിയമസഭയിലെ എല്ലാ അംഗങ്ങൾക്കും കഴിയുമെന്നുറപ്പുണ്ട്. ഉറ്റവരെ നഷ്ടപ്പെട്ട എല്ലാ മനുഷ്യരുടെയും ദുഃഖത്തിലും വേദനയിലും ഞാൻ പങ്കുചേരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കഴിവുറ്റ നേതൃത്വത്തിന്റെയും ആദരണീയനായ പ്രതിപക്ഷ നേതാവിന്റെ മികവുറ്റ മാർഗ്ഗനിർദ്ദേശങ്ങളുടെയും

LIBRARY ARCHIVES Kerala Legislative Assembly

സഭാംഗങ്ങളുടെയെല്ലാം പൂർണ്ണപങ്കാളിത്തത്തിന്റെയും പിൻബലത്തിൽ പകർച്ച വ്യാധിയുൾപ്പെടെ ഏത് പ്രതിസന്ധിയെയും നമുക്ക് അതിജീവിക്കാനാകും. നിയമ നിർമ്മാണ സഭകൾ പുറത്തെ ജനകീയ പ്രശ്നങ്ങൾ പ്രതിധ്വനിക്കുന്ന വേദികളാണെന്നത് ഇവിടെ ബഹുമാന്യരായ ഒട്ടേറെ അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. " My English may be broken, but the cause I represent never is" എന്ന് പാർലമെന്റിൽ പറഞ്ഞ മഹാനായ എ.കെ. ഗോപാലനും ആ വാക്കുകൾക്ക് ആദരവോടെ കാതോർത്ത ജവഹർലാൽ നെഹ്റുവും ജനാധിപത്യത്തിന്റെ ഉജ്ജ്വല മാതൃകകളാണ്. ആ മാതൃകകളാണ് നമുക്ക് വഴി കാണിക്കുക. സുദീർഘവും അനസ്യൂതവുമായ പോരാട്ടങ്ങളിലൂടെ നാം രൂപപ്പെടുത്തിയ ഭരണഘടനയുടെയും പാർലമെന്ററി ജനാധിപത്യത്തിന്റെയും സത്തയും ഉന്നതമൂല്യങ്ങളും മുറുകെപ്പിടിച്ചുകൊണ്ടായിരിക്കും ഞാൻ പ്രവർത്തിക്കുക എന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകുന്നു.

ഇന്ത്യ എന്ന ആധുനികരാഷ്ട്ര സങ്കൽപ്പവും അതിന്റെ അടിത്തറയായ ഭരണഘടനയും ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിൽനിന്ന് ഉയിർക്കൊണ്ടതാണ്. മനുഷ്യാന്തസ്സിനും സമത്വത്തിനും സാഹോദര്യത്തിനും ഊന്നൽ നൽകുന്ന ഉദാത്തമായ രാഷ്ട്രീയ രേഖയാണ് ഇന്ത്യൻ ഭരണഘടന. മതനിരപേക്ഷത ആ രാഷ്ട്രസങ്കൽപ്പത്തിന്റെയും ഭരണഘടനയുടെയും ഹൃദയമാണ്. 1949 നവംബർ 25-ന് ഭരണഘടന അസംബ്ലിയുടെ സംവാദങ്ങൾ ഉപസംഹരിച്ചുകൊണ്ട് നടത്തിയ പ്രൗഢമായ പ്രസംഗത്തിൽ ഡോ. ബി. ആർ. അംബേദ്കർ പറഞ്ഞു: " Will history repeat itself? Will Indians place the country above their creed or will they place creed above country?. അദ്ദേഹം അന്ന് പങ്കുവച്ചത് മതത്തെ രാഷ്ട്രത്തിന് മുകളിൽ പ്രതിഷ്ഠിക്കുന്ന മതരാഷ്ട്ര വീക്ഷണം ഇന്ത്യയുടെ ഭാവിക്കുനേരെ ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ചുള്ള ആശങ്കയാണ്. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള മുന്നറിയിപ്പ് ഉൾക്കൊള്ളുകയും ഇന്ത്യയുടെ മതനിരപേക്ഷ സ്വഭാവം കാത്തുസൂക്ഷി ക്കുന്നതിൽ എന്നും നിതാന്ത ജാഗ്രത പുലർത്തുകയും ചെയ്ത സഭയാണ് കേരള നിയമസഭ എന്നതിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാം. പൗരത്വ നിയമ ഭേദഗതിക്കും കർഷക സമരത്തിനും നിദാനമായ നിയമഭേദഗതികൾക്കുമെതിരായി ഇന്ത്യയിലാദ്യമായി പ്രമേയം പാസ്സാക്കി, ഒറ്റക്കെട്ടായി നിലപാട് വ്യക്തമാക്കിയത് നമ്മുടെ നിയമസഭയാണ്. മതനിരപേക്ഷതയോടും ജനകീയ ആവശ്യങ്ങളോടും നമ്മുടെ നിയമസഭ പുലർത്തുന്ന വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധതയുടെ ഉത്തമ ഉദാഹരണങ്ങളാണ് ഇവയെല്ലാം. പാർലമെന്ററി ജനാധിപത്യത്തിൽ നിയമനിർമ്മാണ സഭകൾ ജനങ്ങളുടെ ഇച്ഛയും അഭിലാഷങ്ങളും പ്രതിഫലിപ്പിക്കു ന്നവയും അതനുസരിച്ചുള്ള ജനപക്ഷ നിയമനിർമ്മാണങ്ങൾ നടത്തുകയും ചെയ്യുന്നവയു മാകണമെന്ന് തെളിയിച്ച സഭ കൂടിയാണ് നമ്മുടെ കേരള നിയമസഭ. രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടികളും തൊഴിലാളികളും കർഷകരും സ്ത്രീകളും യുവാക്കളും വിദ്യാർത്ഥികളും തെരുവുകളിലുയർത്തിയ മുദ്രാവാക്യങ്ങളാണ് പിന്നീട് നിയമങ്ങളായി മാറിയത്. ജനകീയ സമരങ്ങളും നിയമനിർമ്മാണങ്ങളും തമ്മിലുള്ള ഗാഢബന്ധം എക്കാലത്തും പ്രതിഫലിപ്പിച്ച ചരിത്രമാണ് നമ്മുടെ നിയമസഭയ്ക്കുള്ളത്. ജനപക്ഷ നിയമ നിർമ്മാണങ്ങളിലൂടെ കേരളത്തിന്റെ ഭാഗധേയം മാറ്റിയെഴുതുകയും തലവിധിയെന്ന് കരുതിയിരുന്ന മനുഷ്യദുരിതങ്ങളിൽ പലതും തിരുത്തിക്കുറിക്കുകയും പാവപ്പെട്ടവരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും ജീവിതത്തിൽ ഗുണപരമായ മാറ്റമുണ്ടാക്കുകയും ചെയ്ത നിയമനിർമ്മാണങ്ങളുടെ ഉജ്ജ്വല പാരമ്പര്യമാണ് നമ്മുടെ നിയമസഭയ്ക്കുള്ളത്. അത് ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ ഇനിയും നമുക്ക് മുന്നോട്ടു പോകാനാകണം.

കേരള നിയമസഭ ഇന്ത്യയിലെ പാർലമെന്ററി ചരിത്രത്തിൽ പ്രവർത്തന മികവിന്റെ മുദ്രകൾ പതിപ്പിച്ചിട്ടുണ്ട്. പലപ്പോഴും ഉദാഹരണമായി ഉദ്ധരിക്കപ്പെടുകയും പലകാര്യങ്ങളിലും മാതൃക കാണിക്കുകയും ചെയ്ത ഈ നിയമസഭയുടെ സമ്പന്നമായ ചരിത്രത്തിലും സംഭാവനകളിലും നമുക്ക് അഭിമാനിക്കാം. ഇന്ത്യൻ പാർലമെന്റ് സ്ഥിരം സമിതികൾ രൂപീകരിക്കുന്നതിന് മുമ്പുതന്നെ കേരള നിയമസഭ സബ്ജക്ട് കമ്മിറ്റികൾക്ക് രൂപം നൽകിയിരുന്നുവെന്നത് ഓർക്കുക. ഇതിലൂടെ സഭാസമിതികളുടെ പ്രവർത്തനത്തിന് കേരള നിയമസഭ രാജ്യത്തിനുതന്നെ വഴികാട്ടിയായി മാറുക യായിരുന്നു. നിയമനിർമ്മാണങ്ങളിലും ജനകീയ പ്രശ്നങ്ങളിലും മണ്ഡലത്തിലെ ആവശ്യങ്ങൾ നിയമസഭയിൽ ഉയർത്തുന്നതിലും ബഹുമാന്യരായ എല്ലാ അംഗങ്ങൾക്കും അവസരം ഉറപ്പുവരുത്തുംവിധം സഭാനടപടികൾ നടത്തിക്കൊണ്ടുപോകുകയെന്നത് എന്റെ ഉത്തരവാദിത്വമായി കണക്കാക്കുന്നു. അതോടൊപ്പം സർക്കാരിന്റെ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്നതിന് വഴിയൊരുക്കുകയെന്നതും സ്പീക്കറുടെ ഉത്തരവാദിത്വമാണ്. അതിന് എല്ലാ ബഹുമാന്യ അംഗങ്ങളുടെയും പൂർണ്ണമായ സഹകരണം അഭ്യർത്ഥിക്കുകയാണ്. ഇവിടെ ബഹുമാന്യരായ പല അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ, തീർച്ചയായും ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാ അംഗങ്ങളുടെയും താല്പര്യം സംരക്ഷിക്കുന്നതിനും ജനങ്ങളെ ബാധിക്കുന്ന ഏത് പ്രശ്നവും ഉയർത്തുന്നതിനുമുള്ള പൂർണ്ണ സ്വാതന്ത്ര്യം നൽകുന്നതിനും സ്പീക്കർ എന്ന നിലയിൽ ഞാൻ പ്രതിജ്ഞാബദ്ധനായിരിക്കും.

'സഭയ്ക്ക് പുറത്ത് രാഷ്ട്രീയം പറയും' എന്ന് മാധ്യമങ്ങളിൽ വന്ന പ്രസ്താവനയെ ക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചു. അത്തരമൊരു പ്രസ്താവന മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് കണ്ടപ്പോൾ ബഹുമാന്യനായ പ്രതിപക്ഷനേതാവിന് ഉണ്ടായ ആശങ്ക മറ്റ് പലർക്കുമുണ്ടായിട്ടുണ്ടാകും. യഥാർത്ഥത്തിൽ ഞാൻ പറഞ്ഞത് കക്ഷിരാഷ്ട്രീയം പറയുമെന്നല്ല, കക്ഷിരാഷ്ട്രീയത്തിന്റെ ഭാഗമായി സ്പീക്കർ പ്രവർത്തിക്കുകയില്ല. എന്നാൽ നിയമസഭയ്ക്ക് പുറത്ത് ഉയർന്നുവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

പൊതുവായ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക വിഷയങ്ങളിൽ അഭിപ്രായം പറയുമെന്നാണ്. ഈ ഉത്തരവാദിത്വത്തിന്റെ അന്തസ്സും ഇത് നിർവ്വഹിക്കുമ്പോൾ പാലിക്കേണ്ട ഔചിത്യവും പാലിച്ചുകൊണ്ട് മാത്രമായിരിക്കും അത്തരം അഭിപ്രായ പ്രകടനങ്ങൾ ഉണ്ടാകുകയെന്ന് ഈ നിയമസഭയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു.

സ്പീക്കർ എന്ന നിലയിൽ നിയമസഭയുടെ സമയം കരുതലോടെയും കാര്യക്ഷമമായും വിനിയോഗിക്കാനും അനാവശ്യമായി പാഴാക്കാതിരിക്കാനുമുള്ള നിഷ്കർഷയുമുണ്ടാകും. നിയമസഭ പ്രവർത്തിക്കുന്നത് ചട്ടങ്ങൾ, നടപടിക്രമങ്ങൾ, കീഴ്വഴക്കങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. ഏതെങ്കിലുമൊരു ചട്ടം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് എപ്പോഴെങ്കിലും തോന്നുകയാണെങ്കിൽ അതിനുള്ള ഏത് നിർദ്ദേശത്തെയും തുറന്ന മനസ്സോടെ തന്നെ സമീപിക്കും. 'House is the master of its own procedure' എന്നാണല്ലോ തത്വം. ഏത് ചട്ടവും കൂടുതൽ മെച്ചപ്പെടുത്താനും ഭേദഗതി ചെയ്യാനും ഈ നിയമസഭയ്ക്ക് അധികാരമുണ്ട്. ഞാൻ ഇത് പറയുന്നത് പത്ത് വർഷത്തെ ലോകസഭ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. ചട്ടങ്ങളും നടപടിക്രമങ്ങളുമെല്ലാം നിയമസഭയുടെ സുഗമമായ നടത്തിപ്പിനുള്ളതാണ്. മറ്റ് പലരെയുംപോലെ ഞാനും എം.എൽ.എ. എന്ന നിലയിൽ ഈ നിയമസഭയിൽ പുതുമുഖമാണ്. മുതിർന്ന ഒട്ടേറെ അംഗങ്ങൾ ഈ നിയമസഭയിലുണ്ട്, ഈ മഹത്തായ നിയമസഭയുടെ അദ്ധ്യക്ഷ ചുമതല നിർവ്വഹിക്കുന്നതിൽ അവരുടെയെല്ലാം വിലപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളും പിന്തുണയും എനിക്ക് സഹായകരമാകുമെന്ന് എനിക്കുറപ്പുണ്ട്. ധാരാളം പുതുമുഖ അംഗങ്ങൾ ഈ നിയമസഭയിലുണ്ട്. അവരെല്ലാവരും നിയമസഭാ ചട്ടങ്ങൾ പഠിക്കുകയും അതിൽ പ്രാവീണ്യം നേടുകയും ചെയ്യുകയെന്നത്, നിയമസഭയുടെ നടപടിക്രമങ്ങളുടെ, ചർച്ചകളുടെ, സംവാദങ്ങളുടെയെല്ലാം ഗുണമേന്മ ഉയർത്താൻ സഹായകരമാകും. അംഗങ്ങൾ ചട്ടങ്ങളിൽ ഊന്നിയാൽ സ്പീക്കർ ഉൾപ്പെടെ ആർക്കും അവർക്ക് അവസരം നിഷേധിക്കാനാകുകയില്ല.

നിയമസഭയെ കാലാനുസൃതമായി നവീകരിക്കുന്നതിനും ജനങ്ങളിലേക്ക് കൂടുതൽ എത്തിക്കുന്നതിനും സഭാനടപടികൾ സുതാര്യമാക്കുന്നതിനും കഴിഞ്ഞ നിയമസഭയുടെ കാലഘട്ടത്തിൽ എന്റെ മുൻഗാമി തുടങ്ങിവച്ച ഇ-നിയമസഭ, സഭാ ടി.വി. എന്നീ പദ്ധതികൾ നമുക്ക് പൂർത്തിയാക്കാനാകണം. നിയമസഭയെ കടലാസ് രഹിതമാക്കുക, രേഖകൾ ഡിജിറ്റലായി ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതുണ്ട്. പല ബഹുമാനപ്പെട്ട അംഗങ്ങളും പ്രതിപക്ഷത്തിന്റെ അവകാശം സംരക്ഷിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. പത്ത് വർഷം പാർലമെന്റിൽ ഞാൻ പ്രവർത്തിച്ചത് പ്രതിപക്ഷാംഗമായിട്ടാണ്. പ്രതിപക്ഷത്തിന്റെ പ്രാധാന്യം ജനാധിപത്യത്തിൽ എത്രയുണ്ടെന്ന് മനസ്സിലാക്കിയിട്ടുള്ള ഒരംഗമായതിനാൽ അത്

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിൽവച്ചുകൊണ്ടുതന്നെയായിരിക്കും പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ ഉറപ്പാക്കാനായി പ്രവർത്തിക്കുകയെന്നും ഉറപ്പുനൽകുകയാണ്. ധാരാളം പുതുമുഖങ്ങൾ ഈ സഭയിൽ അംഗങ്ങളായിട്ടുണ്ട്. അവരുടെ ആവേശവും ഊർജ്ജസ്വലതയും ഒപ്പം മുതിർന്ന അംഗങ്ങളുടെ അനുഭവസമ്പത്തും സമന്വയിക്കുന്നതാണ് ഈ നിയമസഭ. ഈ മഹത്തായ നിയമസഭയുടെ സുഗമമായ നടത്തിപ്പിന് എല്ലാ ബഹുമാന്യരായ --അംഗങ്ങളുടെയും നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെയും പിന്തുണയും സഹകരണവും ഞാൻ അഭ്യർത്ഥിക്കുന്നു. നമുക്ക് എല്ലാവർക്കുംചേർന്ന് കൂട്ടായ പരിശ്രമത്തിലൂടെ പതിനഞ്ചാം കേരള നിയമസഭയെ രാജ്യത്തിന്റെ ജനാധിപത്യ ചരിത്രത്തിലെ ഉജ്ജ്വലമായ ഒരദ്ധ്യായമാക്കിത്തീർക്കാമെന്ന പ്രത്യാശ പങ്കുവച്ചുകൊണ്ട്, പതിനഞ്ചാം കേരള നിയമസഭയുടെ അദ്ധ്യക്ഷനെന്ന ചുമതല വിനയപൂർവ്വം ഞാൻ സ്വീകരിക്കുന്നു.

ഓർഡർ..... ഓർഡർ......, ഈ നിയമസഭയിലെ പ്രതിപക്ഷ പാർട്ടികളിൽ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ള പാർട്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. അതിനാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 2(1) അനുസരിച്ച് പ്രസ്തുത പാർട്ടിയുടെ നേതാവായ ശ്രീ. വി. ഡി. സതീശനെ സഭയിലെ പ്രതിപക്ഷനേതാവായി ഞാൻ അംഗീകരിച്ചിരിക്കുന്നു.

യു.ഡി.എഫ്.-ന്റെ പാർലമെന്ററി പാർട്ടി യോഗം പ്രതിപക്ഷ ഉപനേതാവായി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ തെരഞ്ഞെടുത്ത വിവരവും സഭയെ അറിയിക്കുന്നു.

## II അറിയിപ്പ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾക്കുവേണ്ടി ക്യാന്റീന് സമീപം ചായസൽക്കാരം ക്രമീകരിച്ചിട്ടുണ്ട്.

ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 മേയ് മാസം 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 11.06-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.